# പൊതുവിദ്യാഭ്യാസ സംരക്ഷണ
# യജ്ഞത്തിന്റെ ഭാഗമായി
# ഈ സ്കൂളിലെ മുഴുവൻ കുട്ടികളുടെയും
# അക്കാദമിക വളർച്ചയ്ക്ക് വേണ്ടി
# തയ്യാറാക്കുന്ന സമഗ്രമായ
# അക്കാദമിക മാസ്റ്റർ പ്ലാൻ

# SCHOOL PROFORMA

| | | |
|---|---|---|
| Name of the School | : | ST.THOMAS UPS, POTHENCODE |
| Address | : | St.Thomas UPS, Potencode P.O<br>Thiruvananthapuram, Pin : 695584 |
| Year of Establishment | : | 1950 |
| School code | : | 43462 |
| E- Mail | : | stthomasups1950@gmail.com |
| Telephone | : | 04712-719563 |
| School Type | : | Govt. Aided |
| Management | : | Malankara Syrian Catholic (MSC) Corporate Management |
| Place of the school | : | Pothencode |
| Gramapanchayath | : | Vembayam |
| District Panchayath | : | Thiruvananthapuram |
| Ward | : | Theeppukal |
| Thaluk | : | Nedumangad |
| Block Panchayath | : | Nedumangad |
| Educational District | : | Thiruvananthapuram |
| Educational sub District | : | Kaniyapuram |
| B.R.C | : | Kaniyapuram |
| C.R.C | : | Kanyakulangara |
| Assembly Constituency | : | Nedumangad |
| Parliament Constituency | : | Attingal |

## School Development Planning Committee 2025-26

| | | |
|---|---|---|
| Head Master | : | Biju Jobai |
| Senior Assistant | : | Shanty Pushpam. C |
| Local Manager | : | Fr. Johnson Kochuthundil |
| S.R.G Convener | : | Sheny C. Abraham |
| PTA President | : | Madhu Kumar |
| Mother PTA President | : | Bensy |
| Ward member | : | Pallinada Naseer |
| Staff Members | : | Ansar L.A, Sr.Asish Maria |

## Highly Qualified Staff

| | | |
|---|---|---|
| Shanty Pushpam C. | : | TTC, K TET |
| Sheny C. Abrahm | : | MA English, B.Ed, SET, KTET III |
| Uthamadas J. | : | H.S.C, Hindi Sahithyachariya |
| Bindhu Jose | : | Sanskrit TTC |
| Ansar L. A. | : | MA, B.Ed (Arabic) |
| Liji Jacob | : | MA English, B.Ed, KTET II |
| Asha Rani K. M. | : | Plus Two,T.T.C |
| Rethi | : | BA BEd. KTET II |
| Sheeba John | : | MA BEd. KTET II & III |
| Praseetha Kumary P.C | : | MA BEd. KTET II |
| Preethamol. P. T | : | MA BEd. KTET II |
| Nissa Anna Jose | : | MA BEd. KTET II & III |
| Bepsy Thomas | : | MSc. BEd. KTET III |
| Sheela R. | : | BSc. BEd. (Maths) |
| Lilly Florence | : | MA BEd. SET |
| Vineetha. S | : | MA BEd. KTET II & III |
| Sr. Linta. P. J | : | MA BEd. KTET II |
| Sheena Raj B. S | : | MA BEd. KTET II |
| Rixy Varghese | : | MA BEd. SET, KTET II & III |
| Biju P. Joseph | : | Office Asst. |

# ആമുഖം

2025-26 ലെ അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി കുട്ടികകളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ്, മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന തുല്യമായ അവസരങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കുന്ന **സ്കൂൾ അക്കാദമിക വികസന പദ്ധതിയാണിത്**. ഈ സ്കൂളിലെ ഹെഡ്മാസ്റ്റർ, ലോക്കൽ മാനേജർ, സീനിയർ അസിസ്റ്റന്റ്, സ്റ്റാഫ് സെക്രട്ടറി, എസ്. ആർ. ജി. കൺവീനർ, പി. റ്റി. എ. എന്നിവരുടെ കൂട്ടായ ശ്രമഫലമായാണ് സമഗ്രമായ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായിട്ടുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ ഒരു സാമൂഹിക രേഖയായി പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഈ കരടു രേഖയിൽ തദ്ദേശ ഭരണസ്ഥാപന പ്രതിനിധികൾ, അദ്ധ്യാപ രക്ഷകർതൃസമിതി, സ്കൂൾ മാനേജ്മെന്റ്, പൂർവ്വവിദ്യാർത്ഥികൾ, വിദ്യാഭ്യാസ തൽപ്പരരായ നാട്ടുകാർ എന്നിവർക്കു മുന്നിൽ അവതരിപ്പിക്കുകയും വേണ്ടതായ മാറ്റങ്ങൾ വരുത്തി പൊതു രേഖയായി സൂക്ഷിക്കുന്നതുമാണ്.

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്തപ്രകാരവും ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാൻ പ്രാപ്തിയുള്ള അദ്ധ്യാപകരുടെ കൂട്ടായ്മയാണ് ഈ സ്കൂളിന്റെ പ്രത്യേകത. വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ഈ സ്ഥാപനത്തിലെ ഓരോ അദ്ധ്യാപകരും പ്രതിജ്ഞാബദ്ധമാണ്. ഓരോ പാഠഭാഗത്തിൽ നിന്നും കുട്ടിയ്ക്ക് ലഭിക്കേണ്ട ശേഷികളെ കുറിച്ചുള്ള കാഴ്ചപ്പാട്. ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നേടി എടുക്കേണ്ട ലക്ഷ്യങ്ങൾ, ആ ലക്ഷ്യങ്ങൾ നേടാനുള്ള പ്രവർത്തന പദ്ധതികൾ എന്നിവ നമ്മുടെ ദൗത്യവും കർമ്മ മാർഗവുമാണ്. കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനോടൊപ്പം ജീവിത മൂല്യങ്ങളും ധാർമ്മികതയും മുറുകെ പിടിക്കുന്ന ഒരു നല്ല സമൂഹത്തിന്റെ സൃഷ്ടിക്കുവേണ്ടിയും ഈ സ്കൂളും, മാനേജ്മെന്റും, അദ്ധ്യാപകരും എന്നും പ്രയത്നിക്കുന്നതാണ്.

1950 ൽ പോത്തൻകോട് പ്രദേശത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിൽ സമൂലമായ പരിവർത്തനങ്ങൾക്ക് തുടക്കം കുറിച്ച സെന്റ് തോമസ് യു. പി. സ്കൂൾ ജ്വലിക്കുന്ന പ്രഭയോടെ തനിമയാർന്ന പ്രൗഢിയോടെ, തിളങ്ങുന്ന തലയെടുപ്പോടെ അതിന്റെ ജൈത്രയാത്ര തുടരുന്നു....

തിരുവനന്തപുരം ജില്ലയിലെ കണിയാപുരം വിദ്യാഭ്യാസ ഉപജില്ലയിൽ, നെടുമങ്ങാട് ബ്ലോക്കിൽ വെമ്പായം ഗ്രാമപഞ്ചായത്തിലെ, തീപ്പുകൽ വാർഡിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് എയ്ഡഡ് സ്കൂളാണ് സെന്റ് തോമസ് യു. പി. എസ്. പോത്തൻകോട് ജംഗ്ഷനിൽ നിന്നും 1.5 കിലോമീറ്റർ കിഴക്കുമാറി നന്നാട്ടുകാവ് പള്ളിനട ഭാഗത്ത്, സെന്റ് തോമസ് ചർച്ചിന് സമീപമാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

തിരുവനന്തപുരം മേജർ അതിരൂപതയിലെ എം. എസ്. സി. കോർപറേറ്റ് മാനേ ജ്മെന്റിന്റെ അധീനതയിലുള്ള ഈ വിദ്യാലയം 1950 ൽ അന്നത്തെ അതിരൂപതാ ആർച്ച് ബിഷപ്പായിരുന്ന മാർ ഈവാനിയോസ് തിരുമേനിയാണ് സ്ഥാപിച്ചത്. 76 വർഷങ്ങൾ പഴക്കമുള്ള മഹത്തായ സ്ഥാപനം ഈ പ്രദേശത്തിലെ ആദ്യകാല പള്ളിക്കൂടങ്ങളിൽ ഒന്നാണ്. ഇതുവരെയുള്ള വിദ്യാലത്തിന്റെ ചരിത്രം പരിശോധിച്ചാൽ, നാടിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവും, സാമ്പത്തികവും, സാമൂഹികവുമായ എല്ലാ പുരോഗതിയിലും ഈ സ്കൂളിന്റെ നിർണ്ണായക പങ്ക് ദർശിക്കാനാകും.

2025–26 ലെ അക്കാദമിക വർഷത്തിൽ പോത്തൻകോട്, വെമ്പായം, മാണിക്കൽ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള നിർധന കുടുംബങ്ങളിൽപ്പെട്ട 510 വിദ്യാർത്ഥികൾ 5, 6, 7 ക്ലാസ്സുകളിലായി ഇവിടെ അധ്യയനം നടത്തുന്നു. നിരന്തരമായ കുട്ടികളുടെ വർദ്ധനവ് ഓരോ വർഷവും ആവർത്തിക്കുമ്പോഴും, അഭിമാനകരമായ ഈ നേട്ടം ഭൗതീക സൗകര്യങ്ങളുടെ അഭാവത്തിൽ യഥാർത്ഥത്തിൽ ബുദ്ധിമുട്ടായിത്തീരുന്ന ദുരവസ്ഥയാണ് ഈ സ്ഥാപനം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് മാനേജ്മെന്റിന്റെയും പി. റ്റി. എ. യുടെയും സംയുക്ത ഇടപെടൽ ഉണ്ടാകുന്നുണ്ടുവെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള സഹായം എത്തിച്ചേരാത്തത് ഈ സ്കൂളിന്റെ പുരോഗതിയ്ക്ക് വിഘാതമാകുന്ന തടസ്സം തന്നെയാണ്.

അക്കാദമി മികവിനും നിലവാരത്തിനുമൊപ്പം പഠനാനുബന്ധ പ്രവർത്തനങ്ങളിലും ഈ വിദ്യാലയം ജില്ലയിലും ഉപജില്ലയിലും തിളക്കമാർന്ന വിജയം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യ ശാസ്ത്ര - പ്രവൃത്തി പരിചയമേളകളിലും, സ്പോർട്സിലും, സ്കൂൾ കലോത്സവങ്ങളിലും അസൂയാവഹമായ പ്രകടനം കാഴ്ച വയ്ക്കുന്ന ഈ കലാലയം, സ്കൂൾ കലോത്സവത്തിൽ തുടർച്ചയായി യു. പി. വിഭാഗം ജനറൽ ഓവറോൾ ചാമ്പ്യൻഷിപ്പും, അറബിക് കലോത്സവത്തിൽ യു. പി. വിഭാഗം അറബിക് ഓവറോളും, സംസ്കൃതോത്സവത്തിൽ തിളങ്ങുന്ന വിജയവും നേടി വരുന്നു.

ആത്മാർത്ഥതയും അർപ്പണമനോഭാവത്തിൽ കൈമുതലായുള്ള ഒരു സംഘം അധ്യാപകരമാണ് ഈ സ്ഥാപനത്തിന്റെ മുതൽകൂട്ട്. അതോടൊപ്പം കാര്യപ്രാപ്തിയുള്ള പി. റ്റി. എ. യുടെ സഹകരണവും ഒരു ഘടകവുമാണ്. സ്കൂളിന്റെ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ട ഏറ്റവും ആവശ്യമായ ഒരു ഘട്ടത്തിലൂടെയാണ് ഈ സ്ഥാപനം കടന്നുപോകുന്നത്. മെച്ചപ്പെട്ട സൗകര്യങ്ങളുടെ ക്ലാസ്സ് മുറികളും ഓഡിറ്റോറിയവും ഓഫീസും, സ്റ്റാഫും റൂമും, ഡൈനിംഗ് ഹാളും, ലൈബ്രറിയും സയൻസ് കമ്പ്യൂട്ടർ ലാബുകളും നവീകരിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി മനസ്സിലാക്കി. ഈ വിദ്യാലയത്തിന്റെ അഭിവൃദ്ധിയ്ക്കായി ജാതി-മത കക്ഷി രാഷ്ട്രീയ ഭേദമന്യേ ഗവൺമെന്റിന്റേയും ഡിപ്പാർട്ടുമെന്റിന്റെയും ഗ്രാമപഞ്ചായത്തിന്റെയും ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും പൂർവ്വവിദ്യാർത്ഥികളുടേയും നിസ്സീമമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

# ഉള്ളടക്കം


| | | |
|---|---|---|
| | മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | 1 |
| | മിഷൻ & വിഷൻ | 2 |
| | **പ്രവർത്തനങ്ങൾ** | |
| | **അക്കാദമികം** | |
| 1. | ശ്രേഷ്ഠഭാഷ (മലയാളം) ശാക്തീകരണം | 3 |
| 2. | ഇംഗ്ലീഷ് പഠനം | 3 |
| 3. | കമ്പ്യൂട്ടർ വിദ്യാഭ്യാസം | 4 |
| 4. | പരീക്ഷ - നിരന്തര വിലയിരുത്തൽ | 5 |
| 5. | വായന | 5 |
| 6. | സവിശേഷ ശേഷിക്കാർക്കുള്ള ശ്രദ്ധയും കരുതലും | 6 |
| 7. | ധാർമ്മിക പഠനം | 7 |
| 8. | കൗൺസലിംഗ്, ബോധവൽക്കരണ ക്ലാസ്സ് | 7 |
| 9. | പഠനയാത്ര | 8 |
| 10. | ഭവനസന്ദർശനവും സാഹചര്യങ്ങളുടെ വിലയിരുത്തലും | 8 |
| 11. | കലാ വിദ്യാഭ്യാസം, കായിക വിദ്യഭ്യാസം, പ്രവൃത്തി പരിചയാനുഭവങ്ങൾ | 9 |
| 12. | സാമൂഹികം സർഗാത്മകം സഹവൈജ്ഞാനികം | 10 |
| 13. | ആരോഗ്യം, പോഷകാഹാരം, ശുചിത്വം | 13 |
| 14. | ഉച്ചഭക്ഷണ വിതരണവും ക്രമീകരണവും | 14 |
| 15. | പെൺകുട്ടികളുടെ അവസര തുല്യതയും പദവിയും | 14 |
| 16. | ഗ്രീൻ പ്രോട്ടോക്കോൾ | 15 |
| 17. | സേവന പ്രവർത്തനം | 15 |
| 18. | സമൂഹ പങ്കാളിത്തം | 16 |
| | **ആക്ഷൻ പ്ലാൻ 2025–26** | |
| 19. | മലയാളം | 18 |
| 20. | ഇംഗ്ലീഷ് | 27 |
| 21. | ഹിന്ദി | 37 |
| 22. | അറബിക് | 45 |
| 23. | സംസ്കൃതം | 48 |
| 24. | മാത്തമാറ്റിക്സ് | 52 |
| 25. | ബേസിക് സയൻസ് | 61 |
| 26. | സാമൂഹ്യശാസ്ത്രം | 71 |

**മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം**
**2025 – 26**

| ക്ലാസ് | | മലയാളം | ഇംഗ്ലീഷ് | തമിഴ് | കന്നഡ | ആകെ |
|---|---|---|---|---|---|---|
| 5 | ആൺകുട്ടികൾ | 0 | 74 | 0 | 0 | **74** |
| | പെൺകുട്ടികൾ | 0 | 60 | 0 | 0 | **60** |
| | **ആകെ** | **0** | **134** | **0** | **0** | **134** |
| 6 | ആൺകുട്ടികൾ | 0 | 104 | 0 | 0 | **104** |
| | പെൺകുട്ടികൾ | 0 | 103 | 0 | 0 | **103** |
| | **ആകെ** | **0** | **207** | **0** | **0** | **207** |
| 7 | ആൺകുട്ടികൾ | 0 | 85 | 0 | 0 | **85** |
| | പെൺകുട്ടികൾ | 0 | 84 | 0 | 0 | **84** |
| | **ആകെ** | **0** | **169** | **0** | **0** | **169** |

| | മലയാളം മീഡിയം | ഇംഗ്ലീഷ് മീഡിയം | |
|---|---|---|---|
| ആകെ ആൺകുട്ടികൾ | 0 | 263 | 263 |
| ആകെ പെൺകുട്ടികൾ | 0 | 247 | 247 |
| **ആകെ** | **0** | **510** | **510** |

# SCHOOL ACADEMIC MASTER PLAN 2025-26
# MISSION & VISION

## Mission: ദൗത്യം

**ഗുണമേന്മയുള്ള വിദ്യാഭ്യാസം വഴി സംസ്കാരമുള്ള ജ്ഞാനസമ്പന്നരായ ഉത്തരവാദിത്വമുള്ള പൗരന്മാരെ വളർത്തുക**

സെൻറ് തോമസ് സ്കൂൾ മാനവിക മൂല്യങ്ങളാൽ സമ്പന്നമായ വിദ്യാഭ്യാസ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നു. ഭൗതിക , ബൗദ്ധിക, മാനസിക, ആത്മീയ സന്മാർഗിക മേഖലകളിൽ കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യമാക്കി ഓരോ വിദ്യാർത്ഥിയെയും വ്യക്തിത്വപരമായി സാമൂഹിക ബാധ്യതയുള്ള പൗരൻ ആക്കുന്നതിനായി വിദ്യാഭ്യാസം നൽകുകയാണ് ഞങ്ങളുടെ ദൗത്യം. ജ്ഞാന സമ്പന്നരായ സംസ്കാരമുള്ള ജീവിതശൈലിയിലുള്ള മാറ്റങ്ങൾക്കൊപ്പം വളരാനും അതിലേക്ക് നേതൃത്വം നൽകാനും കഴിവുള്ള പുത്തൻ തലമുറയെ ഒരുക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം

## Vision : ദർശനം

**പ്രത്യേകതകൾ ഉള്ള ഓരോ കുട്ടിയേയും സഹായിക്കുകയും പാഠപുസ്തകത്തിനപ്പുറത്തുള്ള ജീവിതാനുഭവങ്ങൾ നൽകുകയും ചെയ്യുന്ന സമഗ്ര വിദ്യാഭ്യാസം**

ഉന്നത നിലവാരത്തിലുള്ള പഠനസൗകര്യങ്ങൾ, വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ, സാങ്കേതിക വിദ്യയുടെ കാര്യക്ഷമ ഉപയോഗം എന്നിവ വഴി കുട്ടികൾക്ക് മികച്ച പാഠ്യപരവും സഹപാഠ്യപരവുമായ അനുഭവം നൽകുക എന്നതാണ് സെൻതോമസ് സ്കൂളിന്റെ ദർശനം. 'പഠനം ഒരു യാത്രയായിരിക്കണം പാഠപുസ്തകത്തിൽ ഒതുങ്ങാതെ ജീവിതം സ്പർശിക്കുന്നതായിരിക്കണം' എന്ന വിശ്വാസത്തിൽ അധിഷ്ഠിതമായ ഈ ദർശനം കുട്ടികളുടെ സ്വതന്ത്ര ചിന്ത, ശാസ്ത്രീയ മനോഭാവം, സാന്ദർഭിക ബോധം, സൃഷ്ടിപരമായ കഴിവുകൾ എന്നിവ വളർത്തിയെടുക്കുന്നതിനുള്ള ശ്രമമാണ്.

# പ്രവർത്തനങ്ങൾ

## അക്കാദമികം

### 1. ശ്രേഷ്ഠഭാഷ (മലയാളം) ശാക്തീകരണം

- **ലക്ഷ്യങ്ങൾ**
  - മലയാളഭാഷയുടെ പ്രാധാന്യം മനസ്സിലാക്കികൊണ്ട് എല്ലാ കുട്ടികൾക്കും അക്ഷരം എഴുതുവാനും വായിക്കാനുമുള്ള അവസരം ഒരുക്കുക.
  - ശ്രേഷ്ഠഭാഷ മലയാളം എന്ന പൊതുലക്ഷ്യം സാർത്ഥകമാക്കുന്നതലത്തിലേക്ക് ഭാവി തലമുറയെ വളർത്തുക.
  - എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പുവരുത്തുക.
  - ഓരോ പാഠപഠനങ്ങൾക്കും ശേഷവും എല്ലാകുട്ടികളും അനുയോജ്യമായവിധം ശേഷി നേടിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുക.
  - സർഗ്ഗാത്മകരചനയ്ക്കുള്ള സാഹിത്യാഭിരുചി വളർത്തുക.
- **പ്രവർത്തനങ്ങൾ**

കഥാപുസ്തകങ്ങൾ വായിക്കുവാനുള്ള അവസരം ഒരുക്കുന്നു. പദപൈറ്റ്, പഴഞ്ചൊൽ പാരയണം, മഹത്വ്യക്തികളുടെ ജീവിത ചരിത്രം, ചിത്രശേഖരണം, ചുമർചിത്രങ്ങൾ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന, പുസ്തകങ്ങളിലെ ആശയങ്ങളെ ആധാരമാക്കി ആവിഷ്കാരങ്ങൾ, പതിപ്പ് തയാറാക്കൽ, വായനാക്കൂട്ടം രൂപീകരിക്കൽ. സർഗ്ഗശേഷി വളർത്താൻ കഴിയത്തക്കവിധത്തിലുള്ള കുട്ടികളെ കണ്ടെത്തി കൈയെഴുത്തുമാസികകൾ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. പത്രപാരായണം എല്ലാദിവസവും ക്ലാസിൽ നടത്തും. പ്രധാന വാര്ഡത്തകൾ ഉൾപ്പെടുത്തി പത്രകുറിപ്പുകൾ തയ്യാറാക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകാൻ തീരുമാനമെടുത്തു. ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തും.

### 2. ഇംഗ്ലീഷ് പഠനം

- ◆ **ലക്ഷ്യങ്ങൾ**
  - ◆ ഇംഗ്ലീഷ് ഭാഷയുടെ ഫലപ്രദമായ പ്രയോഗം സാദ്ധ്യമാക്കുക .
  - ◆ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിൽ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ ഇംഗ്ലീഷ് ഭാഷ ആക്കുവാനും .
  - ◆ ഇംഗ്ലീഷ് ഭാഷയിൽ ഭയരഹിതമായി അനായാസം ആശയവിനിമയം. നടത്താൻ കഴിവുള്ളവരാക്കി വിദ്യാർത്ഥികളെ മാറ്റിയെടുക്കുക.
- ◆ **പ്രവർത്തനങ്ങൾ**

ക്ലാസ്സുകളിൽ ഇംഗ്ലീഷ് സംസാരിക്കുകയും തുടർച്ചയായി ഇംഗ്ലീഷ് നോവലുകളും സ്റ്റോറികളും വായിക്കാൻ പ്രോത്സാഹിപ്പിക്കുക. ക്ലാസ്സിൽ കുട്ടികളെ ഗ്രൂപ്പായി തിരിച്ച് Discussions, Debate നടത്താം. School Assembly യിൽ speaking comptetion, writing comptetion etc എന്നിവ നടത്തും. ആഴ്ചയിൽ ഒരു ദിവസം English Day ആക്കി മാറ്റും English News paper വായിക്കാനുള്ള അവസരം Assembly യിൽ ഒരുക്കുന്നു Communicative English ന്ക്ലാസ്സ് എടുക്കുവാനായി അദ്ധ്യാപകരോടൊപ്പം പുറത്തുനിന്ന് പ്രഗൽഭരായ വ്യക്തികളെ വരുത്തി ക്ലാസ്സ് എടുക്കും. ICT മാധ്യമങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ English News Reading/important Days ലെ speech കൾ എല്ലാ കുട്ടികളിലും എത്തിക്കുവാനായി School Blog ൽ/ School FM കേൾക്കുവാനുള്ള അവസരം ഒരുക്കും.

1. Spoken English training
2. English assembly
3. English fest
4. Display board for English
5. Thought for the day in Bullettin board .
6. ഇംഗ്ലീഷ് ചിത്രകഥാ പുസ്തകങ്ങൾ വായിക്കാനവസരം
7. ഇംഗ്ലീഷ് ക്യാമ്പ്

8. ഇംഗ്ലീഷിന് സവിശേഷ പാക്കേജ് ( വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തണം)
9. രാവിലെ പത്തു മിനിട്ട് എല്ലാ ക്ലാസ്സിലും വീട്ടു വിശേഷം പറയൽ ഊഴമിട്ട് ലെറ്റ് അസ് ടോക്ക് . വീട്ടിൽ ചെന്നാൽ സ്കൂളിലെ വിശേഷങ്ങൾ അച്ഛനും അമ്മയ്ക്കും ഇംഗ്ലീഷിൽ/ മൊബൈലിൽ റെക്കോർഡ് ചെയ്തു ക്ലാസ് പിടി എ യിൽ അവതരണം
10. സ്കൂളിൽ എന്ത് നടന്നാലും (ദിനാചരണം, ക്ലാസ് പി ടി എ ) പിറ്റേന്ന് അസംബ്ലിയിൽ അതിനെ കുറിച്ച് വിലയിരുത്തി പറയൽ ഉംഗ്ലീഷിൽ രണ്ട് പേർ വീതം.
11. ചുറ്റും നടക്കുന്നതും കുട്ടികൾക്ക് പ്രസക്തവും ആയ ഇംഗ്ലീഷിലുള്ള വീഡിയോ /പ്രസംഗം എന്നിവ പെട്ടെന്ന് തന്നെ കാണിക്കുക (നോബൽ സമ്മാനം കിട്ടിയപ്പോൾ മലാല നടത്തിയ പ്രസംഗം , പ്രകൃതി...)
12. ഇംഗ്ലീഷ് പത്രം ക്ലാസ് തോറും
13. ക്ലാസ് റൂം തിയേറ്റർ
14. ഓരോ ഇംഗ്ലീഷ് യൂണിറ്റുമായും ബന്ധപ്പെട്ടു വരുന്ന കഥാപാത്രങ്ങളെ വരച്ച് വെട്ടിയെടുക്കുക
15. ബിഗ് പിക്ചർ വെച്ച് ഇവയെ അവതരിപ്പിക്കുക .
16. മുഖം മൂടി വെച്ച് റോൾ പ്ലേ ചെയ്യുക
17. ഓരോ യൂണിറ്റ് കഴിയുമ്പോഴും അതിനെ നാടകമാക്കുക
18. കൊറിയോഗ്രാഫി ചെയ്യുക
19. ഇംഗ്ലീഷ് യൂണിറ്റ് ആഖ്യാനം ചേർത്ത് മാറ്റി എഴുതാം നമുക്ക്
20. ഓരോ ആഴ്ച അവസാനവും ഇംഗ്ലീഷ് സമാജം - ഇംഗ്ലീഷിലുള്ള അവതരണം
21. പാവനാടകം
22. സയൻസ് ക്വിസ് ഇംഗ്ലീഷിൽ
23. ലറ്റ് അസ് ടാക്ക് (എല്ലാ ദിനവും നിശ്ചിത സമയം)

◆ **ചുമതല**

ഇംഗ്ലീഷ് അദ്ധ്യാപകർക്കും ക്ലാസ് ടീച്ചേഴ്സിനും പുറമെ സ്കൂളിലെ മുഴുവൻ അദ്ധ്യാപകർക്കും

## 3 കമ്പ്യൂട്ടർ വിദ്യാഭ്യാസം.

◆ **ലക്ഷ്യങ്ങൾ**

1. ആധുനികസാങ്കേതിക വിദ്യയിൽ ഈ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പിന്നിലാകില്ലെന്നുറപ്പുവരുത്തുക.
2. കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അദ്ധ്യാപനത്തിലൂടെ പഠനം കൂടുതൽ കാര്യക്ഷമമാക്കുക.

◆ **പ്രവർത്തനങ്ങൾ**

- എല്ലാ അധ്യാപകരും കമ്പ്യൂട്ടർ ഉപയോഗിക്കാൻ കഴിവുള്ളവാക്കുന്നതിനുള്ള പരിശീലനത്തിന് ടൈംടേബിൾ തയ്യാറാക്കൽ, കുട്ടികൾക്ക് നിശ്ചിത സമയം ലഭിക്കത്തക്കവിധം പരിശീലനകലണ്ടർ തയ്യാറാക്കുക.
- പ്രാദേശിക വൈദക്ത്യം കണ്ടെത്തലും പ്രയോജനപ്പെടുത്തലും
- പഠനവിഷയവുമായിബന്ധപ്പെട്ട് കമ്പ്യൂട്ടർ സാധ്യതകൾ ഓരോക്ലാസ്സിലും ലിസ്റ്റ് ചെയ്യുക.
- വിഭവങ്ങൾ സമാഹരിക്കുക/നിർമ്മിക്കുക
- കമ്പ്യൂട്ടർ പരിശീലനത്തിനായി ബി. ആർ. സി. / ഡയറ്റ് തുടങ്ങിയ അക്കാദമിക സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തൽ.
- വിദ്യാലയത്തിൽ നിന്നുള്ള അറിയിപ്പുകൾ ക്ലാസ് പത്രം നോട്ടീസ്, റിപ്പോർട്ട് എന്നിവ വിദ്യാലയത്തിലെ അധ്യാപകരോ കുട്ടികളോ ടൈപ്പ് ചെയ്തവയാണെന്ന് ഉറപ്പുവരുത്തുക.
- ക്ലാസ് പി. റ്റി. എ. മുമ്പാകെ കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തി കുട്ടികൾ വിഷയപഠനം നടത്തുന്നതെങ്ങനെ യെന്ന് പ്രദർശനക്ലാസ്സുകളിലൂടെ ബോധ്യപ്പെടുത്തുക.
- സന്നദ്ധതയുള്ള രക്ഷിതാക്കൾക്ക് പരിശീലനം നൽകുക.
- ആധുനികസാങ്കേതികവിദ്യ പ്രയോജനപ്പെടുത്താവുന്ന സ്മാർട്ട് ക്ലാസ് റും എം. എൽ. എ. ഫണ്ട് /പഞ്ചായത്ത് എന്നിവരിൽ നിന്ന് ലഭ്യമാക്കൽ.

## 4. പരീക്ഷ/നിരന്തര വിലയിരുത്തൽ

### ലക്ഷ്യങ്ങൾ

1. കുട്ടിയുടെ പഠനനേട്ടം കൃത്യമായി നിർണ്ണയിക്കുകയും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിന്
2. പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനപിന്നാക്കാവസ്ഥ പരിഹരിക്കുക

### പ്രവർത്തനങ്ങൾ

1. ഓരോ ക്ലാസിലും ഓരോ യൂണിറ്റിലും കുട്ടി നേടേണ്ട ആശയങ്ങൾ,ശേഷികൾ (പഠന നേട്ടം) എന്നിവ മുൻകൂട്ടി അധ്യാപിക തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കണം(ക്ലാസ് പി ടി എയിൽ). അത് നേടാനുള്ള ക്ലാസ് റൂം പ്രവർത്തനങ്ങൾ, രക്ഷിതാവ് എങ്ങനെ കുട്ടിയെ സഹായിക്കണം എന്നും പറയണം
2. ടീച്ചിംഗ് മാന്വലിൽ നിരന്തര വിലയിരുത്തൽ സാധ്യതകൾ രേഖപ്പെടുത്തണം
3. പ്രതികരണപ്പേജിലെ രേഖപ്പെടുത്തലിന്റെ തുടർച്ചയായി പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം
4. ഓരോ യൂണിറ്റ് പൂർത്തിയാകുമ്പോഴും യൂണിറ്റ് ടെസ്റ്റ് നടത്തി ക്ലാസ് പി ടി എയിൽ പഠനനില, പഠനപുരോഗതി എന്നിവ രക്ഷിതാവിനെ അറിയിക്കണം
5. നിരന്തര വിലയിരുത്തൽ ഫലങ്ങൾ എസ് ആർ ജിയിൽ ചർച്ച ചെയ്യണം.
6. പ്രഥമാധ്യാപിക സൂചകങ്ങൾ വെച്ച് അധ്യാപകരുടെ ക്ലാസുകൾ മോണിട്ടർ ചെയ്ത്, മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകണം
7. ടേം മൂല്യനിർണ്ണയ ഫലങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യണം. പങ്കുവെക്കണം. പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. അതുമൂലം ഉണ്ടായ പഠനപുരോഗതി എസ് ആർ ജിയിൽ അവതരിപ്പിച്ച് മറ്റ് ക്ലാസുകളിൽ വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനം എടുക്കണം
8. പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വർക്ക് ഷീറ്റുകളുടെ സാധ്യത പ്രയോജനപ്പെടുത്തണം
9. നിരന്തര വിലയിരുത്തൽ, ഇടപെടൽ മേഖല നിശ്ചയിക്കൽ, പരിഹാരപ്രവർത്തനങ്ങൾ, ഉണ്ടായ മെച്ചം എന്നിവ ക്ലസ്റ്റർ യോഗങ്ങളിലും പ്രഥമാധ്യാപക പരിശീലനങ്ങളിലും പങ്കുവെക്കണം
10. നോട്ട് ബുക്ക് / പോർട്ട് ഫോളിയോ കുട്ടിയുടെ വളർച്ചയെ ബോധ്യപ്പെടുത്തുന്ന തരത്തിൽ ചിട്ടപ്പെടുത്തുകയും സമഗ്രമാക്കുകയും ചെയ്യണം. മികച്ചവക്ക് അംഗീകാരം നൽകണം
11. എല്ലാ കുട്ടികളുടേയും നോട്ട് ബുക്ക് / പോർട്ട് ഫോളിയോ, മറ്റ് ഉൽപ്പന്നങ്ങൾ എന്നിവ ക്ലാസ് പി ടി എയിൽ പ്രദർശിപ്പിക്കണം
12. വൈജ്ഞാനിക മേഖലയെപ്പോലെ സഹവൈജ്ഞാനിക മേഖലക്കും ഊന്നൽ നൽകണം. കുട്ടികളുടെ ആ മേഖലയിലെ കഴിവുകളെ അംഗീകരിക്കണം

## 5. വായന

### ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളേയും വായനാശീലമുള്ളവരാക്കി മാറ്റുക
2. വായനാനുഭവങ്ങൾ വിവിധരീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക .
3. വായനയുടെ വ്യത്യസ്ത തലങ്ങൾ പരിചയപ്പെടുത്തുക
4. രചനാപരമായ കഴിവ് വളർത്തുക
5. സമൂഹ പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക

### പ്രവർത്തനങ്ങൾ

1. വായനയ്ക്കൊരു വാർഷിക പദ്ധതി തയ്യാറാക്കൽ,ഓരോ ക്ലാസിലേയും വായനാ ലക്ഷ്യം തീരുമാനിക്കൽ
2. നിലവിൽ സ്കൂളിൽ ലഭ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക
3. പുസ്തകങ്ങളെ തരംതിരിക്കുക ( ക്ലാസ് നിലവാരം, കുട്ടികളുടെ എണ്ണം എന്നിവ പരിഗണിച്ച്)
4. ഒന്ന്, രണ്ട് ക്ലാസുകൾക്കാവശ്യമായ പുസ്തകങ്ങൾ ഉറപ്പാക്കൽ
5. ഇംഗ്ലീഷ് ചിത്രകഥാ പുസ്തകങ്ങളും വായനാസാമഗ്രികളും സംഘടിപ്പിക്കൽ
6. ഇനിയും സ്കൂളിൽ ആവശ്യമായ പുസ്തകങ്ങളുടെ കാറ്റലോഗ് തയ്യാറാക്കുക
7. ഓരോ ക്ലാസ് അധ്യാപികയും ഒരു വർഷം തന്റെ കുട്ടി വായിക്കേണ്ട പുസ്തകങ്ങൾ തീരുമാനിച്ച് ലിസ്റ്റ് തയ്യാറാക്കണം. ഈ ലിസ്റ്റ് രക്ഷിതാക്കൾക്ക് നൽകണം. ക്ലാസ് പി ടി എയിൽ ആ ക്ലാസിന് ആവശ്യമായ പുസ്തക സമാഹരണരീതി നിശ്ചയിക്കണം
8. ഓരോ ക്ലാസിനും അനുയോജ്യമായ ബാലപ്രസിദ്ധീകരണങ്ങൾ, ആനുകാലികങ്ങൾ എന്നിവ ലഭ്യമാക്കാനുള്ള സാധ്യത രക്ഷിതാക്കളോട് ആരായണം. സ്പോൺസറിംഗിന് രക്ഷിതാക്കളേയോ അവരുടെ പരിചയക്കാരേയോ കണ്ടെത്തണം
9. വീട്ടിൽ പത്രം വരുത്തുന്നവരുടെയും വരുത്താത്തവരുടേയും കണക്കെടുക്കൽ (പത്രസർവേ)
10. ഓരോ ക്ലാസിലും ദിനപ്പത്രം ലഭിക്കുന്നതിന് സ്പോൺസർമാരെ കണ്ടെത്തണം. പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പൊതുസ്ഥാപനങ്ങൾ, ജനപ്രതിനിധികൾ.....അങ്ങനെ സ്കൂളിന്റെ ഉയർച്ച ആഗ്രഹിക്കുന്ന ആരെയും പ്രയോജനപ്പെടുത്തണം. അതിനായി ഭവന സന്ദർശനം, സ്കൂൾ പത്രത്തിലൂടെ അഭ്യർത്ഥന, പി ഇ സി, പി ടി എ, [illegible] യിൽ ചർച്ച ചെയ്യണം

11. വായനമുറിയിലോ ക്ലാസ് മുറിയിലോ പത്രങ്ങൾ ക്ലിപ്പ് ചെയ്തിട്ട് കുട്ടികളെക്കൊണ്ട് വായിപ്പിക്കൽ
12. അസംബ്ലിയിലും ക്ലാസിലും നിത്യവും പത്രവായനയും വിശകലനവും
13. പത്രക്വിസ് ( പത്രവാർത്തകളെ അടിസ്ഥാനമാക്കി പരസ്യപ്പെടുത്തുന്ന ചോദ്യങ്ങൾ ആധാരമാക്കി)
14. കുട്ടികളുടെ വായനക്കുറിപ്പുകൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കലിന്റെ ഉദ്ഘാടനം ( ഒരു ആഴ്ചയിൽ ഒന്ന് എന്ന കണക്കിൽ എല്ലാ കുട്ടികളുടേയും വായനാക്കുറിപ്പുകൾ വരണം)
15. ക്ലാസ് ലൈബ്രറി സജ്ജമാക്കൽ, ഫലപ്രദമായി വിനിയോഗിക്കൽ, ഇടവേള സമയ വായന പരിപോഷിപ്പിക്കൽ.
16. കുട്ടികൾക്ക് തുടർച്ചയായി പുസ്തകവിതരണം അധ്യാപകർ ഉറപ്പാക്കണം. വായിച്ച പുസ്തകത്തെക്കുറിച്ച് ക്ലാസിൽ, അസംബ്ലിയിൽ, ക്ലാസ് പി ടി എയിൽ, ബാലസഭയിൽ അവതരിപ്പിക്കുന്നതിന് അവസരം
17. വായനക്കുറിപ്പ്, പുസ്തകക്വിസ്, ദിനാചരണ വായനക്കുറിപ്പ്, പുസ്തക റിവ്യൂ, വായിച്ച പുസ്തകത്തെ മറ്റൊരു രൂപത്തിൽ അവതരിപ്പിക്കൽ, അധ്യാപികയുടെ പുസ്തക പരിചയം എന്നിവ നിരന്തരം ഓരോ ക്ലാസിലും നടത്തണം
18. അമ്മ വായന പ്രോത്സാഹിപ്പിക്കണം. അമ്മമാർ വായിച്ച പുസ്തകത്തെക്കുറിച്ച് ക്ലാസ് പി ടി എയിൽ അവതരണം
19. കുട്ടികളുടെ വായനക്കുറിപ്പ് പതിപ്പാക്കൽ, മികച്ച വായനക്കാർക്ക് പൊതുവേദിയിൽ അംഗീകാരം
20. വായനഗ്രൂപ്പ് രൂപീകരിക്കൽ. പിന്നാക്കം നിൽക്കുന്ന കുട്ടികളെ വായനയിൽ സഹായിക്കുന്നതിന് നല്ല വായനക്കാരെ ചുമതലപ്പെടുത്തൽ
21. വായനശാലയുമായി സഹകരിച്ചുള്ള പ്രവർത്തനം
22. വായനാശാല ഭാരവാഹികളുമായി ചർച്ചയും പ്രവർത്തനപദ്ധതി രൂപീകരിക്കലും
23. വായനാനുഭവങ്ങൾ പങ്കിടുന്നതിനുള്ള അവസരങ്ങൾ തീരുമാനിക്കൽ
24. വായനയുടെ ആഴം വർധിപ്പിക്കുന്നതിനുള്ള പ്രത്യേക ക്ലാസുകളും പ്രവർത്തനങ്ങളും
25. വായനാക്കൂട്ടം രൂപീകരിക്കൽ
26. വായനയിൽ പിന്നാക്കം നിൽക്കുന്നവരെ മെച്ചപ്പെടുത്തുന്ന കൂട്ടവായന
27. വായനക്കുറിപ്പ് ചിട്ടപ്പെടുത്തൽ .
28. കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അനുമോദിക്കൽ
29. ദിനാചരണപുസ്തകവായനയ്ക്ക് പദ്ധതി തയ്യാറാക്കൽ
30. ഇന്നത്തെ പുസ്തകം ( സ്കൂളിലെ ഡിസ്പ്ലേ ബോർഡിൽ ഒരു പുസ്തകത്തെ പരിചയപ്പെടുത്തുന്ന കുറിപ്പ് )
31. ക്ലാസിൽ അധ്യാപകർ നടത്തുന്ന പുസ്തക പരിചയം
32. അസംബ്ലിയിൽ ഞാൻ വായിച്ച പുസ്തകം
33. ആസ്വാദ്യകരമായ വായനാപരിശീലനം( അസംബ്ലിയിൽ ടി വി വാർത്താരീതിയിൽ)
34. വായനാമത്സരം ( ഭാവം ഉൾക്കൊണ്ട് വ്യക്തതയോടെ വായിക്കൽ മത്സരം)
35. വായനച്ചാർട്ട് ക്ലാസിൽ പ്രദർശിപ്പിക്കുക(കുട്ടിയുടെ പേര്, വായിച്ച പുസ്തകങ്ങൾ)
36. കുട്ടികളുടെ പത്രം പ്രസിദ്ധീകരിക്കുക(ദിവസവും /ആഴ്ചയിൽ ഒന്ന് )
37. കുട്ടികളുടെ വായനക്കുറിപ്പുകൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുക.( എല്ലാ കുട്ടികളുടേയും വായനക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുന്നു എന്ന് ഉറപ്പാക്കണം)
38. പുതുവർഷം പുസ്തകവർഷം പരിപാടി ( പൊതു ചടങ്ങ് സംഘടിപ്പിച്ച് ജനുവരി ഒന്നാം തീയതി 50 പേരിൽ നിന്നും പുസ്തകങ്ങൾ സ്വീകരിക്കൽ)
39. ജന്മദിനപുസ്തകം (2018 ജൂൺ മുതൽ പിറന്നാൾ പുസ്തകം പദ്ധതി നടപ്പിലാക്കൽ. അധ്യാപകരുടെ, കുട്ടികളുടെ,സന്നദ്ധതയുള്ള രക്ഷിതാക്കളുടെ.)
40. കുട്ടികളുടെ പിറന്നാൾ ചാർട്ട് ക്ലാസിൽ പ്രദർശിപ്പിക്കുക (കുട്ടിയുടെ പേര്, പിറന്നാൾ, സമ്മാനമായി നൽകിയ പുസ്തകം) ജന്മദിനത്തിന് സ്കൂളിന് ഒരു പുസ്തകം അസംബ്ലിയിൽ വെച്ച് നൽകണം. ഓരോ മാസവും ആഘോഷിക്കേണ്ട ജന്മദിനക്കലണ്ടർ സ്കൂളിൽ തയ്യാറാക്കണം
41. സാഹിത്യകാരന്മാരുടെ അനുസ്മരണദിനവുമായി ബന്ധപ്പെട്ട് രംഗാവിഷ്കാരങ്ങൾ

## 6. സവിശേഷ ശേഷികാർക്കുള്ള ശ്രദ്ധയും കരുതലും

• **ലക്ഷ്യങ്ങൾ**

പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികൾക്കും മറ്റുള്ളവരോടൊപ്പം എല്ലാ തലങ്ങളിലും പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. അവർക്ക് കൂടി പ്രചോദനാത്മകമായി ഐ. സി. റ്റി സാധ്യതകൾ ഉപയോഗപ്പെടുത്തി മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചിയുർത്തണം.. ആസൂത്രണത്തിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും സവിശേഷതയും കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് തുല്യ അവസരങ്ങൾ ഒരുക്കും

1. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരമൊരുക്കുക
2. ഭിന്നശേഷിയുള്ള കുട്ടികൾക്ക് പിന്തുണ നൽകേണ്ടത് തന്റെകൂടി കടമയാണെന്ന ധാരണയോടെ പ്രവർത്തിക്കാൻ സഹപാഠികളെ പ്രാപ്തരാക്കുക
3. അനുരൂപീകരണപാഠസാധ്യതകൾ കണ്ടെത്തുക

- **പ്രവർത്തനങ്ങൾ**

സ്കൂൾ അസംബ്ലി ഒരു ദിവസം ഇവർക്ക് മാത്രമായി നടത്തും. അസംബ്ലി നടത്താനുള്ള ക്രമീകരണങ്ങൾക്ക് മറ്റ് കുട്ടികളുടെ സഹായത്തോടെ പ്രത്യേക പരിശീലനം നൽകും. ഉച്ച ഭക്ഷണ സമയത്തും ഒരദ്ധ്യാപികയുടെ സേവനം ഇവർക്ക് മാത്രമായി നൽകും. പി.റ്റി ടീച്ചറിന്റെ സഹായത്തോടെ മാനസികവും കായികവുമായ ഉല്ലാസത്തിന് പ്രത്യേക ഊന്നൽ നൽകും. സവിഷേശമായ ശേഷികൾ കണ്ടെത്തി പോഷിപ്പിക്കുന്നതിനും കുറവുകളും പരിമിതികളും പരിഹരിക്കുന്നതിനും മുഖ്യധാരയിൽ മറ്റുകുട്ടികളോടൊപ്പം എത്തുന്നതിനും പരിശീലനം ലഭിച്ച അദ്ധ്യാപകന്റെ സേവനം ഉറപ്പുവരുത്തും.

1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവല്ക്കരണം
2. പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ
3. കുട്ടികളെ അറിയൽ ( ഓരോ കുട്ടിയുടേയും വിവരങ്ങൾ അടങ്ങിയ നോട്ടുബുക്ക് തയ്യാറാക്കൽ. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കേസ് ഹിസ്റ്ററി ഓരോ ക്ലാസ് ടീച്ചറും തയ്യാറാക്കണം )
4. വ്യക്തിഗതബോധനപദ്ധതി ആസൂത്രണം ചെയ്യൽ
5. ബി ആർ സിയുമായി ചേർന്ന് പ്രവർത്തനപദ്ധതി തയ്യാറാക്കൽ
6. ജീവിതനൈപുണി പരിശീലനം
7. ഓരോ അധ്യാപികയും ടീച്ചിംഗ് നോട്ടിൽ ഈ കുട്ടികൾക്ക് നൽകാവുന്ന പിന്തുണ സൂചിപ്പിച്ച് പഠനാനുഭവങ്ങൾ അനുരൂപീകരിക്കൽ
8. കുട്ടികളുടെ സവിശേഷമായ കഴിവ് കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ
9. ഐ ടി പരിശീലനം (പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് കൂടുതൽ അവസരം നൽകൽ)
10. എല്ലാ പ്രവർത്തനങ്ങളിലും ബോധപൂർവം അവസരം പ്രദാനം ചെയ്യൽ
11. വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ
12. അവരുടെ ചെറിയ പുരോഗതി പോലും രക്ഷിതാക്കളുമായി പങ്കിടൽ
13. റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാക്കൽ
14. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകൾക്ക് പൊതു അംഗീകാരം നൽകൽ
15. ക്ലാസ് റൂം പ്രവർത്തനത്തിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കണം.
16. അനുരൂപീകരണ പ്രവർത്തനം ടി എം ൽ ഉൾപ്പെടുത്തി നൽകണം
17. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി സംഘടിപ്പിക്കുന്ന ക്യാമ്പുകൾ, പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണം, ഗ്രാന്റുകൾ യഥാസമയം ശേഖരിച്ച് വിതരണം എന്നിവ ഉറപ്പാക്കണം

- **ചുമതല**

ഈ സ്കൂളിലെ എല്ലാ ക്ലാസ്സ് ടീച്ചേഴ്സും മുഴുവ് അദ്ധ്യാപകരും കൂട്ടായി പരിശ്രമിച്ച് ലക്ഷ്യത്തിൽ

## 7. ധാർമ്മിക പഠനം

കുട്ടികളുടെ സർവ്വതോൻമുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനൊപ്പം ധാർമ്മിക വളർച്ചയും പ്രധാനപ്പെട്ടതാണ്. കുട്ടികളുടെ മൂല്യങ്ങളിലും മനോഭാവങ്ങളിലുമുള്ള ആശയധാരണകളും ചിന്താഗതികളും രൂപപ്പെടുത്തുന്നതിന് ധാർമ്മിക പഠനം അത്യന്താപേക്ഷിതമാണ്. സ്നേഹം,ക്ഷമ,കരുണ,എളിമ,വിനയം മുതിർന്നവരെ ബഹുമാനിക്കൽ, മതസൗഹാർദ്ദം ,ലഹരി വിമുക്ത സമൂഹം,സാഹോദര്യം തുടങ്ങിയ മാനുഷിക മൂല്യങ്ങൾ വളർത്താൻ ധാർമ്മിക പഠനത്തിലൂടെ സാധിക്കും. താത്വിക വിശകലനത്തേക്കാൾ പ്രായോഗിക വിശകലനത്തിന് മുൻ തൂക്കം നൽകി, ധാർമ്മിക ബോധമുള്ള ഒരു പുത്തൻ തലമുറയെ വാർത്തെടുക്കാനും കുട്ടികൾ സമൂഹത്തിന് ഒരു മുതൽക്കൂട്ടായി മാറുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുവാനും കഴിയും.

## 8. കൗൺസലിംഗ് ,ബോധവൽക്കരണ ക്ലാസ്സ്

- **ലക്ഷ്യങ്ങൾ**

സ്വഭാവ വൈകൃതവും, നിരന്തരമായി സ്കൂളിൽ എത്താത്ത അവസ്ഥയും, പഠന താൽപര്യക്കുറവും, സവിശേഷമായ ശ്രദ്ധകിട്ടേണ്ടവരുമായ കുട്ടികൾക്ക് ഫലപ്രദമായ മന:ശാസ്ത്ര ഉപദേശം സാധ്യമാക്കുക.

- **പ്രവർത്തനങ്ങൾ**

കുട്ടികളിൽ വ്യക്തിത്വവികസത്തിനും സ്വഭാവ രൂപീകരണത്തിനും ഉതകുന്ന വിധത്തിൽ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും മന:ശാസ്ത്രവിദഗ്ദ്ധരേയും Department തല സൈബർ ക്രൈം ഉദ്യോഗസ്ഥരേയും ക്ഷണിച്ചുകൊണ്ട് പ്രത്യേക ക്ലാസ്സുകളും സെമിനാറുകളും നടത്തും. പ്രത്യേക ശ്രദ്ധയും പരിഗണനയും ലഭിക്കേണ്ട കുട്ടികൾക്കും വിധേയമാകേണ്ട കുട്ടികളുടെ മാതാപിതാക്കൾക്കും ഈ സ്കൂളിന്റെ മേൽ നോട്ടത്തിൽ ആവശ്യമായ ഗൈഡൻസ് നൽകും.

• ചുമതല

പ്രധാനാദ്ധ്യാപകന്റെ സഹായത്തോടെ ക്ലാസ്സ് ടീച്ചേഴ്സ് കുട്ടികളെ കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ രക്ഷകർത്താക്കൾക്ക് നൽകുകയും അതനുസരിച്ച് പ്രത്യേക പരിഗണന കിട്ടേണ്ട കുട്ടികളെ കണ്ടെത്തും

## 9. പഠനയാത്ര

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിനായി പഠനയാത്രകൾ ക്രമീകരിക്കുന്നതിന്
2. പ്രാദേശിക പഠനയാത്രകൾ / ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും

**പ്രവർത്തനങ്ങൾ**

1. ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവക്കുള്ള പാഠ്യപദ്ധതിയിലെ സാധ്യതകൾ ലിസ്റ്റ് ചെയ്യണം. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സാധ്യതകൾ അന്വേഷിക്കണം (സ്കൂളിന്റെ സമീപമുള്ള കൃഷിഭവൻ, പഞ്ചായത്ത് ഓഫീസ്, ആശുപത്രി, പോസ്റ്റ് ഓഫീസ്, ബാങ്ക്, കൃഷിസ്ഥലം, കുളം, പുഴ, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടം, കർഷകർ, സാഹിത്യകാരന്മാർ, സ്വാതന്ത്ര്യ സമരസേനാനികൾ ബൊട്ടാണിക്കൽ ഗാർഡൻ, ശാസ്ത്ര മ്യൂസിയം, ചരിത്ര സ്മാരകങ്ങൾ
2. എല്ലാവർക്കും പഠനയാത്രകൾ
3. ക്ലാസ് റൂം സമ്പാദ്യപ്പെട്ടി
4. എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് പഠനയാത്രയുടെ ലക്ഷ്യം, ആവശ്യകത എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.
5. പോകുന്ന സ്ഥലത്തെക്കുറിച്ച് മുൻകൂട്ടി അധ്യാപികയുടെ സഹായത്തോടെ വിവരം ശേഖരിക്കുക
6. വിവിധ വിഷയപഠനവുമായി പഠനയാത്രയെ ബന്ധിപ്പിക്കണം. തുടർ പ്രവർത്തനം നടത്തണം (യാത്രാവിവരണംതയ്യാറാക്കൽ, സസ്യവൈവിധ്യം, കാലാവസ്ഥ, സന്ദർശിച്ച സ്ഥാപനങ്ങൾ,.........)
7. ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവയുടെ അനുഭവം മറ്റ് ക്ലാസുകളിലെ കുട്ടികളോട് പങ്കുവെക്കൽ

## 10. ഭവന സന്ദർശനവും സാഹചര്യങ്ങളുടെ വിലയിരുത്തലും

**• ലക്ഷ്യങ്ങൾ**

•പഠന പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ കുടുംബാന്തരീക്ഷം നേരിട്ടറിയുക.

•വിദ്യാലയത്തിൽ നിന്നും കുട്ടികൾക്ക് ആവശ്യമായ പ്രോത്സാഹനവും സേവനങ്ങളും നേരിട്ട് എത്തിക്കുക

•സ്ഥിരമായി ഹാജരാകാത്ത കുട്ടിയെങ്കിൽ അതിന്റെ കാരണം മനസ്സിലാക്കുക.

•കുട്ടികൾ ഗൃഹപാഠങ്ങൾ ചെയ്യുന്നുണ്ടോ എന്ന് അറിയുവാനും, പഠനസമയത്ത് രക്ഷകർത്താവിന്റെ സാനിധ്യം ഉറപ്പു വരുത്തുവാനും .

**• പ്രവർത്തനങ്ങൾ**

എല്ലാ ക്ലാസ്സ് ടീച്ചേഴ്സും വർഷത്തിൽ ഒന്നോ അതിലധികമോ തവണ തങ്ങളുടെ കുഞ്ഞുങ്ങളുടെ ഭവനസന്ദർശനം നടത്തും. ഇതു വഴി കുട്ടികൾ ഏതു സാഹചര്യത്തിൽ നിന്നുമാണ് സ്കൂളിൽ എത്തുന്നതെന്നും മാതാപിതാക്കൾ, പരിസരം എന്നിവ നേരിട്ടു മനസ്സിലാക്കുവാനും അദ്ധ്യാപകനു സാധിക്കുന്നു.ക്ലാസ്സ് ടീച്ചറുടെ കുട്ടിയെ സംബന്ധിക്കുന്ന (Evaluation)വിലയിരുത്തലുകളും അഭിപ്രായങ്ങളും,പഠനമായും പഠനാനുബന്ധമായും കുട്ടികൾക്കുള്ള കഴിവിനെ വിലയിരുത്തുകയും, രക്ഷകർത്താക്കളുമായി വിനിമയം നടത്തുകയും അങ്ങനെ കണ്ടെത്തുകയും ചെയ്യുന്ന വിവരങ്ങളെ (My Child) **" എന്റെ കുട്ടി "** എന്ന നാമധേയത്തിൽ ഒരു Port folio ഉണ്ടാക്കി പരിപൂർണ രേഖയായി സ്കൂൾ ഫയലിൽ സൂക്ഷിക്കും.കുട്ടികളുടെ സാമൂഹിക നിലവാരവും സംസ്കാരവും അറിയുന്നതിനപ്പുറം രക്ഷകർത്താവും അദ്ധ്യാപകനും കുട്ടിയും അടുത്തിടപഴകുന്നതിനും സൗഹൃദബന്ധം ഉടലെടുക്കുന്നതിനും കാരണമാകുന്നു.കുട്ടികൾക്ക് പഠനത്തിലോ അല്ലാതയോ എന്തെങ്കിലും മാറ്റങ്ങൾ അനിവാര്യമാണെന്ന് തോന്നുന്ന പക്ഷം അത് പ്രകടിപ്പിക്കാനും വേണ്ട തിരുത്തലുകൾ വരുത്തുവാനും അനുഭവങ്ങൾ പങ്കുവയ്ക്കുവാനും അവസരം ലഭിക്കുന്നു. അദ്ധ്യാപകന്റെ ഈ ഭവന സന്ദർശനം കുട്ടികളിലും രക്ഷകർത്താക്കളിലും പഠന താല്പര്യം ഉണ്ടാക്കുകയും പരിസരവാസികളിൽ നമ്മുടെ വിദ്യാലയത്തിനുള്ള മതിപ്പ് വർദ്ധിക്കുകയും ചെയ്യും.

**ചുമതല**

ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ രക്ഷകർത്താക്കളുടെയും സഹ അദ്ധ്യാപകരുടെയും സഹകരണത്തോടെ ഈ ദൗത്യം നിർവഹിക്കപ്പെടുന്നതാണ്.ഒന്നാം പാദവാർഷിക വിലയിരുത്തലിനു മുൻപായി ഈ സന്ദർശനം നടത്തുന്നതാണ്

# 11. കലാവിദ്യാഭ്യാസം ,കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയാനുഭവങ്ങൾ

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികളിലും ഏറിയും കുറഞ്ഞുമുള്ള കലാവാസനയെ പരിപോഷിപ്പിക്കുക
2. കായികക്ഷമതയുള്ള തലമുറയെ വളർത്തിയെടുക്കുക
3. പ്രവൃത്തിപരിചയനൈപുണികളിൽ എല്ലാവർക്കും പ്രാവീണ്യം നേടാൻ അവസരമൊരുക്കുക
4. കലാ കായിക പ്രവൃത്തി പരിചയ മേളകളിലെ ഇനങ്ങളിലെല്ലാം എല്ലാ കുട്ടികൾക്കും പ്രാഥമിക പരിശീലനാനുഭവം ഒരുക്കുക ,പങ്കാളിത്തം ഉറപ്പാക്കുക
5. പ്രാദേശികവൈദഗ്ധ്യം വിദ്യാലയത്തിനായി പ്രയോജനപ്പെടുത്തുക

**പ്രവർത്തനങ്ങൾ**

1. നൃത്ത പരിശീലനം
2. സംഘഗാനം, നാടൻപാട്ട് പരിശീലനം
3. ചിത്രരചനാ പരിശീലനം
4. പാഴ് വസ്തുക്കളിൽ നിന്നുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിന് പരിശീലനം
5. നാടൻ കലാരൂപങ്ങളുടെ പരിശീലനം
6. ക്ലേ മോഡലിംഗ് പരിശീലനം
7. ഓട്ടം, ചാട്ടം, റിലേ എന്നിവയിൽ പരിശീലനം

1. കലാ കായിക പ്രവൃത്തിപരിചയ പാഠ്യപദ്ധതിയും മേളകളുടെ മാന്വലും പരിശോധിച്ച് പരിശീലന ഇനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ
2. ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ
3. കലാകായിക പരിശീലനത്തിന് പ്രവർത്തനപദ്ധതി തയ്യാറാക്കൽ. (രണ്ടു രീതി സ്വീകരിക്കണം. എല്ലാ കുട്ടികൾക്കുമുള്ള കലാപരിശീലനം, കഴിവുള്ളവർക്കുള്ള പ്രത്യേകപരിശീലനം )
4. ഈ രംഗത്തു കഴിവും സന്നദ്ധതയുമുള്ള പൂർവവിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും ലിസ്റ്റ് തയ്യാറാക്കണം.കേരളോത്സവവിജയികളുമായി എസ് എം സി ചർച്ച നടത്തണം.
5. സാംസ്കാരിക പ്രവർത്തനപദ്ധതിയിൽ ഉൾപ്പെടുത്തി വിദഗ്ധരുടെ സേവനം ലഭ്യമാക്കാൻ പഞ്ചായത്തുമായിആലോചിച്ച് സംവിധാനം ഉണ്ടാക്കണം
6. സ്കൂൾ കോമ്പൗണ്ട് വിവിധ ക്ലാസുകളിലെ കുട്ടികളുടെ കായികപരിശീലനത്തിന് അനുഗുണമാക്കി മാറ്റൽ
7. എസ് എം സിയും പി ടി എയും കൂടിച്ചേർന്ന് മാസത്തിൽ നിശ്ചിത ദിവസം പരിശീലനം കൊടുക്കാൻ സംവിധാനം ഏർപ്പെടുത്തൽ. എസ് എം സിയുടെ സഹകരണത്തോടെ കായികമത്സരങ്ങൾ, നാടൻകളി പരിശീലനം എന്നിവ ഓണക്കാലത്ത് സംഘടിപ്പിക്കൽ
8. ചിത്രകലാക്യാമ്പ്, നാടൻപാട്ടരങ്ങ്, നാടകപരിശീലനക്യാമ്പ് എന്നിങ്ങനെ ഒരു ടേമിൽ ഒരു പ്രോഗ്രാമെങ്കിലും നടത്തണം.
9. കരകൗശല നിർമ്മാണ ശില്പശാല സംഘടിപ്പിക്കൽ
10. സ്കൂൾ തലത്തിൽ പ്രവൃത്തി പരിചയമേള
11. അസംബ്ലി, ദിനാചരണങ്ങൾ, ബാലസഭ എന്നിവയെ കലാപരമായ ശേഷീ വികാസത്തിനുള്ള അവസരമാക്കി മാറ്റൽ ( വൈവിധ്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തൽ)
12. നാടൻപാട്ട് പരിശീലനം
13. തിയേറ്റർ പരിശീലനം( അഭിനയ ശില്പശാല)
14. നാടകക്കൂട്ടം
15. നാടകത്തെ ബോധനതന്ത്രമായി പ്രയോജനപ്പെടുത്തൽ
16. ക്ലാസ് കൈയെഴുത്തുമാസികയിൽ ചിത്രീകരണം നടത്തി ചിത്രരചനാപരിശീലനം
17. വായിച്ച പുസ്തകങ്ങളിലെ കഥ ചിത്രകഥയാക്കി പരിശീലിക്കൽ
18. വിവിധ വ്യവഹാരരൂപരചനകളിൽ ചിത്രരചനാസാധ്യത പ്രയോജനപ്പെടുത്തൽ
19. ഇന്ത്യ, കേരളം ,ജില്ല എന്നിവ ജനതയുടെ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്ന വാർത്തകളും ചിത്രങ്ങളും ചേർത്ത് കൊളാഷ് ഭൂപടം നിർമ്മിക്കൽ
20. നോട്ട് ബുക്കിന്റെ ലേ ഔട്ട് ഭംഗിയുള്ളതാക്കൽ
21. അസംബ്ലിയിൽ കലാപരിപാടി അവതരിപ്പിക്കാൻ എല്ലാ കുട്ടികൾക്കും അവസരം ഒരുക്കൽ
22. തീം ആൽബം നിർമ്മിക്കൽ
23. കോർണർ പി ടി എയിൽ കുട്ടികളുടെ കലാസന്ധ്യ
24. സ്കൂൾ ഗായകസംഘം ( കുട്ടികളും അമ്മമാരും അധ്യാപകരും)
25. പാഠഭാഗവുമായി ബന്ധിപ്പിച്ച് നാടകം, സംഗീതശില്പം, ചിത്രീകരണം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ സാധ്യത ലിസ്റ്റ് ചെയ്യൽ

# 12. സാമൂഹികം സർഗാത്മകം സഹവൈജ്ഞാനികം

## 1. സ്കൂൾ അസംബ്ലി

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുക
2. കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദിയായി സ്കൂൾ അസംബ്ലിയെ പുനസംഘടിപ്പിക്കുക
3. സഭാകമ്പമില്ലാതെ സദസിനെ അഭിസംബോധന ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തുക

**പ്രവർത്തനങ്ങൾ**

1. അസംബ്ലി പ്രവർത്തനത്തിന് മാർഗരേഖ വികസിപ്പിക്കൽ ( നിർബന്ധമായും ഉണ്ടാകേണ്ട ഇനങ്ങൾ, സവിശേഷ ഇനങ്ങൾ ഉദാ- പുസ്തകറിവ്യൂ,പുസ്തകം പരിചയപ്പെടുത്തൽ, ക്ലാസിലെ വേറിട്ട പ്രവർത്തനങ്ങളുടെ പങ്കുവെക്കൽ, ഉൽപ്പന്നങ്ങളുടെ പ്രകാശനം, കുട്ടികളുടെ മികവുകൾക്ക് അംഗീകാരം, പരീക്ഷണം, പത്രക്വിസ്, ക്ലാസ് പത്ര പ്രകാശനം, ചിന്താവിഷയം തുടങ്ങി ഓരോ അസംബ്ലിയിലും വൈവിധ്യമുള്ള ഓരോ ഇനം വീതം നിശ്ചയിക്കൽ, നിർദിഷ്ട ക്ലാസുകാരുടെ നേതൃത്വത്തിൽ നടക്കുന്ന സ്പെഷ്യൽ അസംബ്ലി, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്താവുന്ന ഇനങ്ങൾ എന്നിവയെല്ലാം മാർഗരേഖയിൽ വ്യക്തമാക്കണം.. വാർഡ് മെമ്പർ, മറ്റു വിശിഷ്ട വ്യക്തികൾ എന്നിവരെ എപ്പോഴെല്ലാം പങ്കെടുപ്പിക്കുമെന്നും സൂചിപ്പിക്കണം. അസംബ്ലി പ്രവർത്തനം നിരന്തര വിലയിരുത്തലിന്റെ പരിധിയിൽ വരുന്ന വിധം അതത് ക്ലാസധ്യാപകർ ശ്രദ്ധിക്കണം. പ്രസംഗം, ക്വിസ്,പതിപ്പാക്കൽ,പ്രകാശനം ചെയ്യൽ, ദേശഭക്തിഗാനം, മാസ് ഡ്രിൽ,എയ്റോബിക്സ്, ക്ലാസ് മികവുകളുടെ പങ്കിടൽ, അതിഥി ക്ലാസ്, വാർത്താവിശകലനം, തുടങ്ങിയവ ഉൾപെടുത്തി അസംബ്ലി വൈവിധ്യമുള്ളതാക്കണം. തിങ്കൾ മുതൽ വെള്ളി വരെയുള്ള ഇനങ്ങൾ തീരുമാനിക്കണം).
2. അസംബ്ലി ചാർട്ട് - എല്ലാ ഇനങ്ങളിലും എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ തയ്യാറാക്കൽ ( ഓരോ കുട്ടിക്കും എത്ര അവസരം എന്നെല്ലാം എന്തിലെല്ലാം എന്നും കൃത്യതപ്പെടുത്തണം)
3. അസംബ്ലി ഗ്രൂപ്പ് രൂപീകരണം (ഒരു ക്ലാസിലെ വിവിധ നിലവാരത്തിലുള്ള കുട്ടികളുടെ / 5 മുതൽ 7 വരെ ക്ലാസിലെ കുട്ടികളുടെ ഗ്രൂപ്പ്)
4. അസംബ്ലി അംഗീകാരത്തിനുള്ള വേദിയാക്കണം. ഓരോ ദിവസവും ഏതെങ്കിലും ഒരു കുട്ടി ഏതെങ്കിലും കഴിവിന്റെ പേരിൽ അംഗീകരിക്കപ്പെടണം. ക്ലാസ് ടീച്ചർമാർ ചുമതല വഹിക്കണം
5. അസംബ്ലിയിൽ പത്രവാർത്തകൾ എല്ലാവർക്കും മനസിലാകും വിധം ലളിതവത്കരിച്ച് അവതരിപ്പിക്കൽ
6. കുട്ടികളെ അസംബ്ലി നടത്തുന്നതിന് തയ്യാറാക്കാൻ അധ്യാപകർക്ക് ചുമതല നൽകൽ
7. അസംബ്ലി വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് പി ടി എ കമ്മറ്റികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായൽ
8. അസംബ്ലിയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം
9. വിശേഷദിനങ്ങളിൽ പ്രാദേശിക വിദഗ്ധരുടെ പങ്കാളിത്തം അസംബ്ലിയിൽ ഉറപ്പാക്കൽ
10. മെച്ചപ്പെട്ട അസംബ്ലി നടത്തുന്ന ഗ്രൂപ്പിന് അംഗീകാരം, മറ്റുള്ളവർക്ക് പ്രചോദനം
11. ഇംഗ്ലീഷ് അറബിക്, സംസ്കൃതം, ഹിന്ദി എന്നീ ഭാഷകളിൽ വൈവിധ്യമാക്കുക
12. പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ അവതരണങ്ങൾ
13. ഒരോ അസംബ്ലിയിലും ഓരോ കുട്ടിയെ വീതം അംഗീകരിക്കൽ ( ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവുകളും നന്മകളും ഉയർത്തിക്കാട്ടി പ്രചോദിപ്പിക്കൽ)

## 2. ദിനാചരണങ്ങൾ

**ലക്ഷ്യങ്ങൾ**

1. സവിശേഷ ദിനങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും ബോധ്യപ്പെടുത്തുക
2. ദിനാചരണങ്ങളെ അക്കാദമിക പ്രവർത്തനങ്ങളുമായി (ക്ലാസ് റൂം പ്രവർത്തനങ്ങളുമായി) ബന്ധിപ്പിക്കുക.
3. സ്കൂളും പ്രാദേശിക സമൂഹവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് ദിനാചരണങ്ങളെ ചിട്ടപ്പെടുത്തുക
4. കുട്ടികളുടെ സർഗാത്മകത പ്രകടിപ്പിക്കുന്നതിനുള്ള അവസരമായി ദിനാചരണങ്ങൾ പ്രയോജനപ്പെടുത്തുക

**പ്രവർത്തനങ്ങൾ**

1. അക്കാദമിക വർഷത്തെ വിശേഷദിനങ്ങളുടെ ചാർട്ട് തയ്യാറാക്കൽ. ( സാഹിത്യം, ചരിത്രപരവും ദേശീയവും, ശാസ്ത്രം,ആഘോഷങ്ങൾ,സാമൂഹികം )
2. ദിനാചരണങ്ങൾ ഉൾച്ചേർത്തു കൊണ്ട് സ്കൂളിന്റെ വാർഷിക കലണ്ടർ, മാസകലണ്ടർ, ക്ലാസ് കലണ്ടർ എന്നിവ തയ്യാറാക്കൽ
3. ഓരോ ദിനാചരണവുമായി വ്യത്യസ്ത വിഷയങ്ങൾ എങ്ങനെയെല്ലാം ബന്ധിപ്പിക്കാനാകും എന്ന തീരുമാനിക്കലും പ്രവർത്തന രൂപീകരണവും
4. സ്കൂളിൽ പൊതുവായി എന്തെല്ലാം പ്രവർത്തനങ്ങൾ എന്ന് നിശ്ചയിക്കൽ
5. ഓരോ ക്ലാസിലും അതാത് ക്ലാസ് നിലവാരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
6. ടീച്ചിംഗ് മാന്വലിൽ ഉൾപ്പെടുത്തി ദിനാചരണപ്രവർത്തനങ്ങൾ നടപ്പാക്കൽ
7. ഓരോ ദിനാചരണത്തിനും നേതൃത്വം നൽകുന്നതിന് ചുമതലാവിഭജനം നടത്തൽ (അധ്യാപകർ, കുട്ടികൾ, രക്ഷാകർത്താക്കൾ)
8. ഓരോ പ്രത്യേക ദിനാചരണത്തിനും അനുയോജ്യരായ പ്രാദേശിക വിദഗ്ധരെ കണ്ടെത്തി പ്രയോജനപ്പെടുത്തൽ
9. ദിനാചരണത്തോടനുബന്ധിച്ച് രക്ഷാകർതൃ ബോധവല്ക്കരണം

10. ദിനാചരണങ്ങളിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ, രക്ഷിതാക്കളേയും പ്രദേശത്തെ വിശിഷ്ട വ്യക്തികളേയും ആദരിക്കൽ
11. ദിനാചരണത്തിന്റെ ഭാഗമായി കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന തരത്തിലുള്ള ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനും, ആവിഷ്കാര പ്രകടനങ്ങൾക്കും വേദിയൊരുക്കൽ
12. അക്കാദമിക മികവുണ്ടാകുന്നതിന് യോജിച്ച രീതിയിൽ മത്സരങ്ങൾ സംഘടിപ്പിക്കൽ
13. ആസൂത്രണം ചെയ്തതിനനുസരിച്ച് പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് പ്രഥമാധ്യാപികയുടെ മോണിറ്ററിംഗ്. അതിന് സഹായകമായ തരത്തിൽ എച്ച് എം ആസൂത്രണ ഡയറി തയ്യാറാക്കുക
14. ഓരോ ദിനാചരണവും എസ് ആർ ജിയിൽ ആസൂത്രണവും അവലോകനവും നടത്തി കൂടുതൽ മെച്ചപ്പെടുത്താനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ

## 3. ക്ലബ്ബ് പ്രവർത്തനങ്ങൾ

**ലക്ഷ്യങ്ങൾ**

1. വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സമൂഹത്തിൽ സ്കൂളിന്റെ സ്വീകാര്യത ഉയർത്തുക
2. ക്ലബ്ബ് പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുക
3. വൈവിധ്യവും സർഗാത്മകവും ശാസ്ത്രീയവുമായ പ്രവർത്തനങ്ങളിലേർപ്പെടാൻ അവസരം ഒരുക്കുക
4. കുട്ടികളിൽ നേതൃത്വപാടവം, ആശയവിനിമയ ശേഷി, ശാസ്ത്രാവബോധം, ജനാധിപത്യ ബോധം എന്നിവ വളർത്തുന്നതിന്

**പ്രവർത്തനങ്ങൾ**

1. എന്തെല്ലാം ക്ലബ്ബുകൾ എന്ന തീരുമാനിക്കൽ
2. ഓരോ ക്ലബ്ബിന്റേയും വാർഷിക പദ്ധതി രൂപീകരിക്കൽ (ഓരോ മാസവും എന്തെല്ലാം പ്രവർത്തനങ്ങൾ ഓരോ ക്ലബ്ബിനും എന്ന നിശ്ചയിക്കൽ)
3. വിവിധ ക്ലബ്ബുകൾ രൂപീകരിക്കൽ. എല്ലാ കുട്ടികളും ഏതെങ്കിലും ക്ലബ്ബിൽ അംഗമാണെന്ന് ഉറപ്പാക്കും വിധം)
4. ക്ലബ്ബിന്റെ നേതൃത്വം നിശ്ചയിക്കൽ, ചുമതലാവിഭജനം നടത്തൽ
5. പ്രാദേശിക വിദഗ്ധരുടെ സേവനം കൂടി പരിഗണിച്ച് പ്രവർത്തന കലണ്ടർ തയ്യാറാക്കൽ (ശുചീകരണം, സ്കൂൾ സൗന്ദര്യവൽക്കരണം, സ്കൂൾ പത്രം തയ്യാറാക്കൽ, അച്ചടക്കം, പൂന്തോട്ട നിർമ്മാണം, കുട്ടികളുടെ പ്രകടനങ്ങൾക്ക് വേദിയൊരുക്കൽ, കുട്ടികളുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ........)
6. വിവിധക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനം
7. എല്ലാ മാസവും ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ സൂചകങ്ങൾ വെച്ച് പ്രവർത്തനങ്ങളുടെ അവലോകനവും അടുത്ത മാസത്തെ ആസൂത്രണവും
8. ക്ലബ്ബുകളുടെ നേതൃത്വത്തിൽ പരീക്ഷണോത്സവം, പ്രദർശനങ്ങൾ, സെമിനാർ, സംവാദം, ചർച്ച, ബോധവല്ക്കരണ ക്ലാസുകൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പാക്കൽ
9. ക്ലബ്ബ് പ്രവർത്തനങ്ങളിൽ രക്ഷിതാക്കൾ, പ്രാദേശിക സമൂഹം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം തേടൽ
10. സ്കൂൾ തല ശില്പശാലകൾ സംഘടിപ്പിക്കൽ
11. മികച്ച പ്രവർത്തനങ്ങൾ ക്ലാസ് പി ടി എയിൽ പങ്കുവെക്കൽ
12. ക്ലബ്ബ് പ്രവർത്തനങ്ങളെ മേളകൾ, കലോത്സവങ്ങൾ, ഉപജില്ലാ- ജില്ലാതല മത്സരങ്ങളുമായി ബന്ധിപ്പിക്കൽ
13. ക്ലബ്ബ് പ്രവർത്തനത്തിലൂടെ കുട്ടികൾ നേടിയ ശേഷികൾ വിലയിരുത്തൽ

## 4. സാഹിത്യസമാജം

**ലക്ഷ്യങ്ങൾ**

1. കുട്ടികളിലെ കലാ സാഹിത്യ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും
2. കുട്ടികളിൽ സർഗാത്മകത വികസിക്കുന്നതിന് അവസരമൊരുക്കുക
3. സാഹിത്യകാരൻമാരേയും കൃതികളേയും അറിയുന്നതിന് വേദിയൊരുക്കുക
4. കുട്ടികളുടെ വായനയും ലേഖനവും പരിപോഷിപ്പിക്കുക

**പ്രവർത്തനങ്ങൾ**

1. സാഹിത്യസമാജം പ്രവർത്തന പദ്ധതി രൂപീകരിക്കൽ.( എന്തെല്ലാം ഇനങ്ങൾ ഉൾപ്പെടുത്താം, പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങളുടെ ആവിഷ്കാരവേദിയാക്കാം, മേളകളുമായി ബന്ധപ്പെടുത്താവുന്ന ഏതെല്ലാം ഇനങ്ങളുടെ പരിശീലനവേദിയാക്കാം എന്നിവ പരിഗണിച്ച്)
2. ക്ലാസ് റൂം പ്രവർത്തനങ്ങളുമായി കണ്ണിചേർക്കൽ. ഓരോ ക്ലാസിലും പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സാഹിത്യരൂപങ്ങളെക്കുറിച്ച് ചർച്ച സംഘടിപ്പിക്കൽ
3. വായനാപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ (വായിച്ച പുസ്തകങ്ങളെ ആധാരമാക്കി നാടകം, കാവ്യമാല, സംഗീതശില്പം, കഥാപ്രസംഗം, പുസ്തകറിവ്യൂ തുടങ്ങിയവ)
4. മാസത്തിലൊരിക്കൽ എല്ലാ ക്ലാസുകാരും ഉൾപ്പെടുന്ന പൊതുസമാജം.

5. എഴുത്തുകാരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രചനാശില്പശാല, രചനകളുടെ സമാഹാരം പ്രസിദ്ധീകരിക്കൽ

6. ക്ലാസ് സാഹിത്യസമാജത്തിലെ തെരഞ്ഞെടുത്ത ഇനങ്ങൾ അസംബ്ലിയിൽ പങ്കിടൽ

7. സാഹിത്യസമാജപ്രവർത്തനങ്ങൾ വിലയിരുത്തൽ ( കുട്ടികൾ, അധ്യാപിക, എച് എം, എസ് ആർ ജി )

8. യോഗനടത്തിപ്പ് സംബന്ധിച്ച അവസരങ്ങൾ മാറി മാറി എല്ലാവർക്കും ലഭിക്കത്തക്ക വിധം ചുമതലാ വിഭജനം നടത്തൽ ( സ്വാഗതം, അധ്യക്ഷത,ഉദ്ഘാടനപ്രസംഗം, കൃതജ്ഞത, മിനിറ്റ്സ് തയ്യാറാക്കൽ)

9. കുട്ടികൾ, രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യ ക്ലബ്ബുകൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ (കുട്ടികളുടെയും രക്ഷിതാക്കളുടേയും പ്രകടനങ്ങൾ, സാഹിത്യകാരൻമാരെ പരിചയപ്പെടൽ, വിവിധ സാഹിത്യ രൂപങ്ങളെ കുറിച്ച് ചർച്ച, പുനരാവിഷ്കാരം നടത്തൽ, സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കൽ )

10. പൊതുജന പങ്കാളിത്തത്തോടെ കലാസന്ധ്യ സംഘടിപ്പിക്കൽ

11. കുട്ടികളുടെ കഥയരങ്ങ്, കവിതാരചന, കവിതചൊല്ലൽ, നാടകീകരണം, നാടൻപാട്ട്, ചിത്രരചന, ........എന്നിവ സംഘടിപ്പിച്ച് കുട്ടികളുടെ കഴിവ് വികസിപ്പിക്കുന്നതിന് അവസരമൊരുക്കുക

## 5. സ്കൂൾ പാർലമെന്റ്, സാമൂഹികവീക്ഷണം

**ലക്ഷ്യങ്ങൾ**

1. കുട്ടികളിൽ ജനാധിപത്യജീവിതസംസ്കാരം വളർത്തുക

2. നേതൃത്വശേഷി വികാസത്തിനുള്ള അവസരം സൃഷ്ടിക്കുക

3. വിമർശനാത്മക ചിന്ത, വിശകലനാത്മക ചിന്ത ഇടങ്ങിയ ഉയർന്ന കഴിവുകൾ നേടാനവസരമൊരുക്കുക

4. വിദ്യാലയവികസന പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിപ്രായങ്ങൾക്കും ആശയങ്ങൾക്കും ഇടം നൽകുക

**പ്രവർത്തനങ്ങൾ**

1. സ്കൂൾ പാർലമെന്റ് രൂപീകരിക്കണം ( ഓരോ ക്ലാസിനും രണ്ട് ലീഡർമാർ ഒരു ആൺകുട്ടി ഒരു പെൺകുട്ടി. )
2. അസംബ്ലി, ശുചിത്വം, പൂന്തോട്ടം,പത്രം തയ്യാറാക്കൽ എന്നിങ്ങനെ പാർലമെന്റിനുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കണം.
3. ലീഡർമാരിൽ നിന്നും ഒരാളെ എസ് എം സി പ്രതിനിധിയായി തെരഞ്ഞെടുക്കണം
4. എസ് എം സി യോഗങ്ങളിൽ ക്ലാസ് ലീഡറുടെ ചുമതല തീരുമാനിക്കൽ, അവതരണത്തിന് മുന്നോടിയായി ചർച്ച നടത്തി പരിശീലിപ്പിക്കൽ
5. വിദ്യാർത്ഥി പ്രതിനിധികൾക്ക് നേതൃത്വ പരിശീലനം നല്കണം,
6. ദിനാചരണമടക്കമുള്ള തീരുമാനങ്ങളെടുക്കുന്നതിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കണം.
7. ബാലസഭ, സാഹിത്യസമാജം,വിദ്യാരംഗം കലാസാഹിത്യവേദി എന്നിവയുടെ സമയക്രമം, ഇനങ്ങൾ,പങ്കാളിത്തം ഇടങ്ങിയവ പാർലമെന്റിന്റെ പങ്കാളിത്തത്തോടെ നിശ്ചയിക്കൽ
8. വിദ്യാലയത്തിന്റെ ഗുണനിലവാരം സമൂഹത്തെ അറിയിക്കൽ
9. ക്ലാസ് പ്രതിനിധികൾ പ്രതിമാസം കൂടി സൂചകങ്ങൾ വെച്ച് വിദ്യാലയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യണം. അത് എസ് എം സിയിൽ അവതരിപ്പിക്കണം.
10. വിമർശനാത്മക ചിന്ത ഉണർത്തുന്ന ചോദ്യങ്ങൾ എല്ലാ ക്ലാസ്സിലും /എല്ലാ പ്രവർത്തനത്തിലും ഉണ്ടാവണം .
11. വിമർശനപരമായി തന്റെ നിലപാടുകൾ,നിരീക്ഷണങ്ങൾ ,കാഴ്ചപ്പാടുകൾ ,സ്വന്തം അനുഭവത്തിന്റെ പിൻബലത്തിലുള്ള കൂട്ടിചേർക്കലുകൾ, ഇവയൊക്കെ വ്യക്തമാക്കും വിധം പ്രതികരണ കുറിപ്പുകൾ പങ്കുവെക്കാൻ ഓരോ പ്രവർത്തനത്തിലും അവസരം ഉറപ്പ് വരുത്തണം .അത് കൊണ്ട് കുട്ടികളുടെ തന്നെ ആസൂത്രണം ,നടത്തിപ്പ്, വിലയിരുത്തൽ ,മെച്ചപ്പെടുത്തൽ എന്നിവ നടക്കും വിധം ജനാധിപത്യപരമായി കുട്ടികൾക്ക് ഇടപെടും വിധം ഓരോ പ്രവർത്തനവും നടത്തണം.
12. ജനാധിപത്യം അനുഭവിച്ചറിയാൻ കുട്ടികൾക്കും കഴിയും വിധം ഓരോ പ്രവർത്തനവും .ജനാധിപത്യം ഒരു സംസ്കാരമായി അനുഭവിക്കാൻ കഴിയണം.
13. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനും ആത്മ വിശ്വാസം വളർത്താനും പറ്റും വിധം ഓരോ പ്രവർത്തനത്തിലും സ്ലോട്ടുകൾ
14. ഗണിതത്തിന്റെ ഉയർന്ന ശേഷികൾ ആയ യുക്തി ചിന്ത ,reasoning,visual spatial,പ്രശ്നാപഗ്രഥനശേഷി, സൗന്ദര്യാത്മകത, ഊഹിക്കൽ ,അളക്കൽ ,കൃത്യത ,സൂക്ഷ്മത മുതലായവ ഉറപ്പാക്കും വിധം ഉള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുക. ഉദാഹരണം : വിൽപ്പനക്ക് പറ്റുന്ന സാധനങ്ങൾ നിർമ്മിക്കുക ,വിൽക്കുക ,മറ്റുള്ളവർ ഉണ്ടാക്കുന്നതുമായി (ഗുണമേന്മ, വില ), താരതമ്യം ചെയ്യുക
15. ദിവസവും ലോകത്ത് സംഭവിക്കുന്ന കാര്യങ്ങളോട് പ്രതികരിക്കുന്ന ശീലം വളർത്താനുള്ള പരിപാടികൾ ഓരോ പ്രവർത്തനങ്ങളുടെയും ഭാഗമാക്കുക. ഉദാഹരണം –അസംബ്ലിയിൽ പത്ര വായന കൂടാതെ ഒരു വാർത്ത എടുത്തു

## 13. ആരോഗ്യം, പോഷകാഹാരം, ശുചിത്വം

**ലക്ഷ്യങ്ങൾ**

1. ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതുസ്ഥാപനങ്ങൾ ശുചിയായി സൂക്ഷിക്കൽ എന്നിവ തന്റെ കടമയാണെന്നു മനസിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയത്തിൽ നിന്നും സ്വാംശീകരിക്കാനുള്ള അവസരം ഒരുക്കൽ
2. എല്ലാ കുട്ടികൾക്കും ആരോഗ്യസംരക്ഷണം, പോഷകാഹാരം, ശുചിത്വാന്തരീക്ഷം എന്നിവ ഉറപ്പുവരുത്തൽ

## പ്രവർത്തനങ്ങൾ

1. ആരോഗ്യപരിശോധന നടത്തൽ
2. കുട്ടികൾക്കും അമ്മമാർക്കും ആരോഗ്യശുചിത്വബോധവത്കരണം
3. ആരോഗ്യശീലങ്ങൾ,ഭക്ഷണശീലങ്ങൾ എന്നിവ ക്ലാസ് പി ടി എയിൽ ചർച്ച ചെയ്യൽ
4. പാചകക്കാർക്ക് പരിശീലനം നൽകൽ
5. എസ് എം സിയിൽ ആരോഗ്യരംഗത്തെ വിദഗ്ധരെ ക്ഷണിക്കൽ
6. നാടൻ വിഭവങ്ങളുടെയും നാട്ടുരുചികളുടേയും വൈവിധ്യം ബോധ്യപ്പെടത്തക്ക വിധം പോഷകസമൃദ്ധമായ ഭക്ഷണമെനു തയ്യാറാക്കൽ, ഭക്ഷണമെനു പ്രദർശിപ്പിക്കൽ
7. ഉച്ചഭക്ഷണക്കമ്മറ്റി രൂപീകരണം, യോഗം ചേരൽ
8. എസ് എം സിയുടെ പങ്കാളിത്തത്തോടെ പോഷക സമൃദ്ധമായ ഉച്ചഭക്ഷണ വിതരണോദ്ഘാടനം
9. ഓരോ ക്ലാസിനും തിളപ്പിച്ചാറ്റിയ വെള്ളം ലഭ്യമാക്കൽ
10. ഭക്ഷണ ശീലവുമായി ബന്ധപ്പെട്ട പോസ്റ്റർ പ്രദർശനം
11. ഭക്ഷണ വിതരണത്തിന് കൂടുതൽ പാത്രങ്ങൾ
12. ഭക്ഷണം കഴിക്കുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങളും രീതികളും
13. ഭക്ഷണം രക്ഷിതാക്കളുടെ നേതൃത്വത്തിൽ വിലയിരുത്തൽ
14. ഉച്ചഭക്ഷണമോണിറ്ററിംഗ്
15. ദിനാചരണങ്ങൾ,ആഘോഷങ്ങൾ, ജന്മദിനം എന്നിവയുമായി ബന്ധിപ്പിച്ച് പ്രത്യേക വിഭവങ്ങൾ
16. ഇലയറിവ്- ഇലക്കറികൾ പരിചയപ്പെടൽ
17. പാചകത്തൊഴിലാളികളെ ആദരിക്കൽ
18. ജന്മദിനകറിക്കൂട്ട് ( ഓരോ കുട്ടിയുടേയും ജന്മദിനത്തിന് ചെലവുകുറഞ്ഞ ഒരിലക്കറിയോ തോരനോ സ്പെഷ്യൽ ഇനമായി ലഭ്യമാക്കൽ) അമ്മമാരെ ഉച്ചഭക്ഷണപരിപാടിയുമായി ബന്ധിപ്പിക്കൽ
19. വിശേഷദിനവിഭവങ്ങൾ എന്തെല്ലാം? എന്നെല്ലാം? എന്നു തീരുമാനിക്കൽ
20. ഭക്ഷ്യമേള സംഘടിപ്പിക്കൽ ( കരുത്തും രുചിയും എന്ന പാഠവുമായി ബന്ധിപ്പിച്ച്)
21. എല്ലാ കുട്ടികൾക്കും എപ്പോൾ വേണമെങ്കിലും ചൂടുവെള്ളം ലഭിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തൽ
22. കേരളത്തിലെ പാനീയമാഹാത്മ്യം അനുഭവിച്ചറിയാൻ വിവിധനാടൻ പാനീയങ്ങൾ പരിചയപ്പെടുത്തൽ
23. വെള്ളം കുടിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ
24. പാചകത്തിന്റെ ശാസ്ത്രം, അടുക്കള ഗണിതം, ഭക്ഷണ പദാർഥങ്ങളും ഉല്പാദിപ്പിക്കുന്ന നാടുകളും, ഇന്ധനവില, സ്കൂളിലെ ഉച്ചഭക്ഷണച്ചെലവ്, ആഹാരസാധനങ്ങളുടെ അളവ് തുടങ്ങി പാചകത്തെ വിഷയപഠനവുമായി ബന്ധിപ്പിക്കൽ
25. സ്കൂളിനുവേണ്ട പച്ചക്കറികൾ ക്ലാസ് പി ടി എയുടെ നേതൃത്വത്തിൽ ഉല്പാദിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കൽ,പി ടി എയുടെ പങ്കാളിത്തത്തോടെ പച്ചക്കറി കൃഷി.
26. കൃഷിഭവനിൽ നിന്നും വിത്തുകൾ സംഘടിപ്പിക്കൽ
27. കൃഷി ഓഫീസറുടെ ക്ലാസ്
28. വീട്ടുവളപ്പിലെ കുട്ടികൃഷി പരിപാടി നടപ്പിലാക്കൽ
29. കൃഷിയെ വിഷയപഠനവുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കൽ
30. കർഷകനുമായി അഭിമുഖം
31. കൃഷിപ്പതിപ്പുകൾ
32. വിദ്യാലയകൃഷി, കുടുംബകൃഷി എന്നിവയ്ക്ക് പ്രവർത്തനപദ്ധതി ആവിഷ്കരിക്കൽ
33. പച്ചക്കറി ഇനങ്ങൾ, കൃഷിരീതി, പരിപാലനം എന്നിവ സംബന്ധിച്ച ബോധവത്കരണം
34. കൃഷിയ്ക്കുള്ള സ്ഥലവും ചുമതലയും തീരുമാനിക്കൽ ( കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ)
35. കർഷകദിനത്തിൽ കർഷകരെ സ്കൂളിൽ വിളിച്ച് കുട്ടികളുമായി അഭിമുഖം നടത്തുക
36. കൃഷിയുപകരണങ്ങൾ വാങ്ങൽ
37. എല്ലാ കുട്ടികളും എല്ലാ കൃഷികളേയുംപറ്റി മനസിലാക്കുന്ന രീതിയിൽ ഗ്രൂപ്പുണ്ടാക്കുക
38. കൃഷി എന്ന പ്രവർത്തനത്തിലെ വേറിട്ട സാദ്ധ്യതകൾ
39. കൃഷിയും ഗണിതവും –ഓരോ ക്ലാസ്സിനും വേറിട്ട് സൂക്ഷ്മമായി ആസൂത്രണം വേണം
40. ശാസ്ത്രം –ഗവേഷണാത്മകമായി കൃഷി ചെയ്യൽ
41. ജൈവ വളങ്ങൾ വില കൊടുത്തു വാങ്ങണോ VS സൂക്ഷ്മാണുക്കളുടെ എണ്ണം വർധിപ്പിച്ച വേരുകൾക്ക് സൂക്ഷ്മ മൂലകങ്ങൾ വലിച്ചെടുക്കാൻ ഉള്ള ശേഷി വർധിപ്പിക്കൽ

42. കൃഷി ആഫീസറെ വിളിച്ച് കുട്ടികൾക്ക് കൃഷിസംബന്ധമായ ക്ലാസ് എടുക്കുക
43. യങ് ഫാർമേഴ്സ് ക്ലബ് രൂപീകരിക്കണം
44. കൃഷി പ്രോജക്റ്റ് ,ഇന്റർനെറ്റ് വഴി വിവര ശേഖരണം ,അഭിമുഖം ,വീഡിയോ കാണൽ ...
45. കൃഷി ഡയറി ഇംഗ്ലീഷിൽ
46. കൃഷിയുമായി ബന്ധപ്പെട്ട സോഷ്യൽ മീഡിയ ,പത്രം എന്നിവയിൽ വരുന്ന വാർത്തകളെ അടിസ്ഥാനമാക്കി സംവാദം , ചർച്ച
47. അസംബ്ലിയിൽ കൃഷിയെക്കുറിച്ച റിപ്പോർട്ടിംഗ്
48. കൃഷി വിശേഷം -പത്രം
49. പരിസരം വൃത്തിയാക്കണം
50. ക്ലാസ്, സ്കൂൾ, വ്യക്തി ശുചിത്വ സൂചകങ്ങൾ വികസിപ്പിക്കൽ
51. ഓരോ ആഴ്ചയിലും മാറി മാറി ശുചിത്വ മോണിറ്ററിംഗിന് വിദ്യാർഥിഗ്രൂപ്പുകളെ ചുമതലപ്പെടുത്തണം
52. എല്ലാ ദിവസവും രക്ഷിതാക്കൾ വിദ്യാലയ ശുചിത്വം മോണിറ്റർ ചെയ്യും
53. ഓരോ ക്ലാസിലും വേസ്റ്റ് ബക്കറ്റ് വേണം
54. പരിസ്ഥിതി ദിനസന്ദേശത്തിന്റെ അടിസ്ഥാനത്തിൽ വർഷം മുഴുവൻ നടപ്പിലാക്കാവുന്ന പരിപാടി ആസൂത്രണം ചെയ്യണം
55. ഹരിതജീവിതം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ സ്കൂളിലും വീട്ടിലും പ്രാവർത്തികമാക്കൽ, ഊർജസംരക്ഷണം, ലളിതജീവിതം, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ, പുനരുപയോഗം,പേപ്പർകപ്പ്, പ്ലാസ്റ്റിക് കപ്പ് എന്നിവയ്ക്കു പകരം കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങളെ പ്രോത്സാഹിപ്പിക്കൽ ഇടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.

## 14. ഉച്ചഭക്ഷണ വിതരണവും ക്രമീകരണവും

- **ലക്ഷ്യങ്ങൾ**

•എല്ലാ വിദ്യാർത്ഥികൾക്കും ഭക്ഷണ സമത്വവും ഐക്യതയും .

•ഉത്തമ പോഷകാഹാരം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികളിലൂടെ കായികവും മാനസികവുമായ വളർച്ചയ്ക്ക് ഊന്നൽ നൽകുക.

- **പ്രവർത്തനങ്ങൾ**

വിദ്യാഭ്യാസ വകുപ്പ് മെനുപ്രകാരം ഉച്ചഭക്ഷണം നൽകുന്നതോടൊപ്പം വിശേഷദിവസങ്ങളിൽ മൽസ്യവും മാംസവും നൽകുന്നുവെങ്കിലും അത് മാസത്തിലൊരിക്കലെങ്കിലും നൽകാനുള്ള ക്രമീകരണം.ന്യൂൺഫീഡിംഗ് ചാർജ്ജുള്ള അദ്ധ്യാപകരുടെ മേൽ നോട്ടത്തിൽ വിതരണം.ഭക്ഷണമെനു പ്രദർശിപ്പിക്കൽ.ഉച്ചഭക്ഷണ മോണിറ്ററിംഗും രക്ഷകർത്താക്കളുടെ നേതൃത്വത്തിൽ വിലയിരുത്തലും.കുട്ടികളുടെ അഭിപ്രായങ്ങളും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന് പരാതിപ്പെട്ടിയും സ്ഥാപിക്കും

## 15.പെൺകുട്ടികളുടെ അവസര തുല്യതയും പദവിയും

- **ലക്ഷ്യങ്ങൾ**

  - എല്ലാ പെൺകുട്ടികളിലും ആത്മവിശ്വാസവും പ്രതികരണശേഷിയും വളർത്തുക.
  - വിമർശനബോധവും വിശകലനശേഷിയും ഉറപ്പാക്കുക.തീരുമാനമെടുക്കുന്നതിലും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും വിലയിരുത്തുന്നതിലും എല്ലാ പെൺകുട്ടികൾക്കും അവസരം ഒരുക്കുക.
  - പെൺകുട്ടികൾക്കെതിരെ നിരവധി വിലക്കുകളും ഭീക്ഷണികളും നേരിടുന്ന അവസരത്തിൽ അവർക്ക് കരുത്ത് നൽകാകാനും വെല്ലുവിളികളെ നേരിടുവാനും പ്രാപ്തമാക്കുക.

- **പ്രവർത്തനങ്ങൾ**

| 2. | സഹമനോഭാവം വളർത്തുന്നു. | | ഈണം കണ്ടെത്തൽ<br>പദച്ചേർച്ച<br>പ്രയോഗഭംഗി | ബി. ആർ. സി. |
| 3. | ആശയ വിശദീകരണവും, വിശകലന ശേഷിയും വർദ്ധിക്കുന്നു. | | | ലൈബ്രറി |
| 4. | അഭിനയം ജീവചരിത്രനിരൂപണം താരതമ്യം എന്നിവ നേടിയെടുക്കുന്നു | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | വാങ്മയ ചിത്രം<br>കുറിപ്പ് തയ്യാറാക്കൽ<br>കവിതാശേഖരണം<br>ഉപന്യാസം<br>കഥാപാത്ര നിരൂപണം<br>ചർച്ചാക്കുറിപ്പ് | ഐ. സി. റ്റി.<br>വീഡിയോ പ്രദർശനം, ചാർട്ടുകളിൽ പ്രധാന സംഭവങ്ങൾ ആവിഷ്ക്കരിച്ച് പ്രദർശിപ്പിക്കുക. |
| 5. | പ്രസംഗം തയ്യാറാക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നു. | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | പ്രസംഗം തയ്യാറാക്കൽ<br>കേരളം ഇന്നലെ ഇന്ന്<br>കുറിപ്പ്, അനുഭവക്കുറിപ്പ്,<br>പ്രശസ്ത കലാകാരന്മാരുടെ അനുഭവം | ലൈബ്രറി<br>ഐ. സി. റ്റി.<br>കലാകാരന്മാരെ കുറിച്ചുള്ള പത്രകട്ടിംഗ് രൂപപ്പെടുത്തുന്നു. |

# ക്ലാസ് - 7

# മാത്തമാറ്റിക്സ്

വസ്തുക്കളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതാണ് ഗണിതശാസ്ത്ര പഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. ജീവിതത്തിന്റെ എല്ലാമേഖലകളെയും ഗണിതപഠനം സ്വാധീനിക്കാറുണ്ട്. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താത്ത ഒരു ദിവസം പോലും കടന്നുപോകുന്നില്ല. ഗണിതപഠനം ചിന്തയെ തെളിമയുള്ളതാക്കുകയും വസ്തുക്കളെ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. മറ്റ് വിഷയങ്ങളുടെ പഠനത്തിന് ഗണിതപഠനം സഹായകമാകാറുണ്ട്. ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതപഠനം ഉപയോഗപ്പെടുത്തുന്നു. അറിവുകളുടേയും അവയുടെ പരസ്പരബന്ധങ്ങളിലൂടെയും ലോകത്തെ മനസ്സിലാക്കുകയും അറിവുകളുമായി ലോകത്തിൽ ഇടപെട്ടുകൊണ്ട് മാറ്റങ്ങളുണ്ടാക്കുകയും ചെയ്യുക എന്നതാണ് ഗണിത ശാസ്ത്രത്തിന്റെ പ്രാഥമിക ധർമ്മം.

## ലക്ഷ്യങ്ങൾ

വിദ്യാഭ്യാസത്തിന്റെ പൊതുവായ ലക്ഷ്യങ്ങൾ നേടുന്നതിനോടൊപ്പം തന്നെ പ്രൈമറി ക്ലാസ്സിൽ ഗണിത പഠനത്തിന് ചില പ്രത്യേക ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

1. പതിനായിരം വരെയുള്ള സംഖ്യകൾ മാത്രം പരിചയപ്പെട്ട കുട്ടിക്ക്, ലക്ഷം, പത്ത് ലക്ഷം, കോടി തുടങ്ങിയ വലിയ സംഖ്യകളും പ്രായോഗിക സന്ദർഭങ്ങളിലൂടെ മനസ്സിലാക്കാൻ പ്രാപ്തനാക്കുന്നു.
2. വലിയസംഖ്യകളുടെ ഗുണനം ഹരണം എന്നീ ക്രീയകളെ യുക്തിപൂർവ്വം വിശകലനം ചെയ്യാനും പൂർണ്ണമായി ഹരിക്കാൻ കഴിയാതെ വരുമ്പോൾ മിച്ചമുള്ളത് ശിഷ്ടമാകുന്നതും അതിന്റെ പ്രത്യേകതകൾ മനസ്സിലാക്കുന്നു.
3. ഹരിക്കപ്പെടുന്ന സംഖ്യ, ഹരിക്കുന്ന സംഖ്യ, ഹരിണഫലം ശിഷ്ടം ഇവ തമ്മിലുള്ള പൊതുതത്വം രൂപീകരിക്കുവാൻ കഴിയുന്നു.
4. കുത്തനെയും ചരിഞ്ഞതുമായ വരകളിലുടെ കോണുകൾ എന്ന ആശയം മനസ്സിലാക്കുന്നു.
5. ജ്യാമിതീയ രൂപത്തിന്റെ വലിപ്പം എന്ന രീതിയിൽ പരപ്പളവ് എന്ന ആശയത്തിലേക്കും അളവുകൾ ഉപയോഗിച്ച് ചതുരം വരയ്ക്കുന്നതിനും വൃത്തങ്ങൾ വരച്ച് പാറ്റേണുകൾ രൂപീകരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു.
6. ചെറിയ പ്ലാനുകൾ തയ്യാറാക്കുന്നതിനും ജ്യാമിതീയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശേഷി നേടുന്നു.
7. സംഖ്യകൾക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്ന വിവിധ സംഖ്യാബന്ധങ്ങളെ കണ്ടെത്താനും. വിവിധ സംഖ്യകളുടെ ഗുണിതങ്ങളിൽ നിന്നും ചെറുപൊതുഗുണിതം, വൻ പൊതുഗുണിതം അവ തമ്മിലുള്ള ബന്ധം ഇവ കണ്ടെത്താൻ പ്രാപ്തരാക്കുന്നു.
8. ഭിന്നസംഖ്യകളുടെ വ്യാഖ്യാനവും, സങ്കലന വ്യവകലനക്രീയകളും, പ്രായോഗിക സന്ദർഭങ്ങളിൽ ഭിന്നസംഖ്യകൾ രൂപപ്പെടുന്നതും. അത്തരം ഭിന്നസംഖ്യകൾ കൂട്ടിച്ചേർത്ത് വലിയ ഭിന്നസംഖ്യകൾ രൂപം കൊള്ളുന്നതുമൊക്കെ മനസ്സിലാക്കുന്നു.
9. വിവരശേഖരണത്തിന്റെ ഭാഗമായി ചിത്രങ്ങളെ വായിക്കുവാനും പിക്ടോഗ്രാം, ബാർഗ്രാഫ് തുടങ്ങിയ ചിത്രങ്ങൾ വായിച്ച് നിഗമനങ്ങൾ രൂപീകരിക്കുവാൻ പ്രാപ്തരാക്കുന്നു.

| പാഠ ഭാഗം | പഠന ലക്ഷ്യം | പഠന പ്രവർ ത്തനം | പഠന സാമഗ്രി കൾ | വിലയി രുത്തൽ രീതി | സഹപാഠ പ്രവർത്ത നങ്ങൾ | സമയ ക്രമം |
|---|---|---|---|---|---|---|
| സമാന്തരവരകൾ എന്ന ആശയം സമാന്തരവരകളെ മറ്റൊരു വര മുറിച്ച് കടക്കുന്നത് ഒരേ അളവുള്ള കോണുകളിലാണ് രണ്ടു സമാന്തര വരകളെ ഒരു വര മുറിച്ചു കടക്കുമ്പോൾ ഉണ്ടാകുന്ന കോണുകളിൽ ചെറിയ കോണുകൾക്കെല്ലാം ഒരേ അളവാണ് വലിയ കോണുകൾക്കെല്ലാം ഒരേ അളവാണ് ഒരു ചെറിയ കോണും ഒരു വലിയ കോണും കൂട്ടിയാൽ 180 ഡിഗ്രി കിട്ടും ഏത് ത്രികോണത്തിലെയും കോണുകളുടെ അളവുകളുടെ തുക 180 ഡിഗ്രി ആയിരിക്കും | രണ്ടു സമാന്തര വരകളെ ഒരു വര മുറിച്ചു കടക്കുമ്പോൾ ഉണ്ടാകുന്ന കോണുകളിൽ ഒരുകോൺ അറിഞ്ഞാൽ മറ്റുള്ളവ കണ്ടെത്തുക സമാന്തര വരകളുമായി ബന്ധപ്പെട്ട ആശയങ്ങൾ ഉപയോഗിച്ച് ത്രികോണത്തിലെ കോണുകളുടെ അളവുകളുടെ തുക 180 ഡിഗ്രി ആണെന്ന് സമർത്ഥിക്കുക സമാന്തരവരകളുടെ സവിശേഷതകൾ ജിയോജിബ്രയുടെ സഹായത്തോടെ വിശദീകരിക്കുക | ഗ്രൂപ്പ് ഡിസ്കഷൻ, ചാർട്ട്, ഐ സി ടി, വീഡിയോസ്, ജിയോജിബ്ര | ചാർട്ട്സ്, ഈർക്കിലുകൾ, മാച്ച്സ്റ്റിക്, ത്രഡ് | ടെസ്റ്റ് പേപ്പർ, പാർട്ടിസിപ്പേഷൻ, സൂക്ഷ്മത നിരീക്ഷിക്കൽ | ചുറ്റുപാടും നിരീക്ഷിച്ച് രേഖപ്പെടുത്തൽ ചാർട്ടിൽ മോഡൽസ് തയ്യാറാക്കൽ | 16 പിരീഡ്സ് |

| പാഠ ഭാഗം | പഠന ലക്ഷ്യം | പഠന പ്രവർത്തനം | പഠന സാമഗ്രികൾ | വിലയിരുത്തൽ രീതി | സഹപാഠ പ്രവർത്തനങ്ങൾ | സമയ ക്രമം |
|---|---|---|---|---|---|---|
| ഭിന്ന സംഖ്യകൾ ഭിന്നസംഖ്യയുടെ നിശ്ചിതമടങ്ങ് കാണുന്നതിന് ഒരു എണ്ണൽ സംഖ്യയുടെ നിശ്ചിതഭാഗം കാണുന്നതിന് ഒരു എണ്ണൽ സംഖ്യയും ഭിന്നസംഖ്യയും തമ്മിൽ ഗുണിക്കുന്നത് ഒരു ഭിന്നസംഖ്യയെ മറ്റൊരു ഭിന്നസംഖ്യ കൊണ്ട് ഗുണിക്കുന്നതിന് ക്രിയകളുടെ വ്യത്യസ്ത വഴികൾ കണ്ടെത്തി പ്രശ്നപരിഹരണം | ഭിന്നസംഖ്യകൾ ഗുണിക്കുന്നതിന്റെ ആവശ്യകതകളും സന്ദർഭവും തിരിച്ചറിഞ്ഞ് നിത്യജീവിത പ്രശ്നങ്ങൾ പരിഹരിക്കുക ക്രിയാ രീതികൾ വിശകലനം ചെയ്ത് പൊതു രീതി രൂപപ്പെടുത്തുക ഭിന്ന സംഖ്യകളുടെ ക്രിയകൾ ഉപയോഗിച്ച് പ്രശ്നപരിഹരണം സാധ്യമാക്കുക | പ്രശ്ന വിശകലന ചോദ്യങ്ങൾ, ചിത്ര വായന, ഗുണനക്രിയകൾ, ചോദ്യരൂപീകരണം ഭിന്നപ്പരപ്പ് ചിത്രീകരണം | ചാർട്ട്സ്, ജിയോജിബ്ര, ഡിസ്കഷൻ, ഫ്രാക്ഷൻ ഡിസ്ക് | വർക്ക് ഷീറ്റ്, പോർട്ട് പോളിയോ, പസിൽസ് | | 12 പിരിയഡ്സ് |

| പാഠ ഭാഗം | പഠന ലക്ഷ്യം | പഠന പ്രവർത്തനം | പഠന സാമഗ്രികൾ | വിലയിരുത്തൽ രീതി | സഹപാഠ പ്രവർത്തനങ്ങൾ | സമയ ക്രമം |
|---|---|---|---|---|---|---|
| മൂന്നു വശങ്ങളുടെ നീളം അറിഞ്ഞാൽ ത്രികോണം വരയ്ക്കാം<br>ഒരു ത്രികോണത്തിന്റെ ഏത് രണ്ട് വശങ്ങളുടെയും നീളങ്ങളുടെയും തുക മൂന്നാമത്തെ വശത്തിന്റെ നീളത്തേക്കാൾ കൂടുതലായിരിക്കും<br>ഒരു വശത്തിന്റെ നീളവും രണ്ടുകോണുകളുടെ അളവും അറിഞ്ഞാൽ ത്രികോണം വരയ്ക്കാം<br>രണ്ടു വശങ്ങളുടെയും അവയ്ക്കിടയിലുള്ള കോണിന്റെയും അളവുകൾ അറിഞ്ഞാൽ ത്രികോണം വരയ്ക്കാം<br>രണ്ടു വശങ്ങളുടെ നീളവും അവയ്ക്കിടയിൽ അല്ലാത്ത ഒരു കോണിന്റെ അളവും അറിഞ്ഞാൽ ചില സന്ദർഭങ്ങളിൽ രണ്ട് ത്രികോണങ്ങൾ വരയ്ക്കാം | ഉചിതമായ മൂന്ന് അളവുകൾ കൊണ്ട് ത്രികോണം നിർമ്മിക്കുക<br>ഒരു ത്രികോണം ചിത്രീകരിക്കണമെങ്കിൽ ഏതൊക്കെ അളവുകൾ തിരഞ്ഞെടുക്കണം എന്നും തന്നിരിക്കുന്ന എല്ലാ അളവുകളിലും ത്രികോണം വരയ്ക്കാൻ കഴിയില്ല എന്നും ചില അളവുകൾ ഉപയോഗിച്ച് ഒന്നിൽ കൂടുതൽ ത്രികോണങ്ങൾ വരക്കാം എന്നും തിരിച്ചറിയുക.<br>ജിയോജിബ്ര ഉപയോഗിച്ചും അല്ലാതെയും രസകരവും മനോഹരവുമായ ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുക | പാറ്റേൺ പൂർത്തിയാക്കൽ<br>ജിയോജിബ്രയിലൂടെ ത്രികോണങ്ങൾ നിർമ്മിക്കാൻ പരിശീലനം | ജോമട്രിക്കൽ ഇൻസ്ട്രുമെന്റ്<br>ഐസിടി,<br>ചാർട്ട്സ് | വർക്ക് ഷീറ്റ്,<br>പോർട്ട് പോളിയോ,<br>വരയ്ക്കുന്നതിലെ കൃത്യത, സൂക്ഷ്മത,<br>ജിയോജിബ്രയിൽ വരച്ച ത്രികോണങ്ങളുടെ വിലയിരുത്തൽ | പോസ്റ്റർ നിർമ്മാണം<br>ഹോം വർക്ക്<br>വർക്ക് ഷീറ്റ് | 18 പിരിയഡ്സ് |

# ക്ലാസ് – 6

# മാത്സ്

വസ്തുക്കളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും, വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിതശാസ്ത്രപഠനം ഊന്നൽ നൽകുന്നത്. ജീവിതത്തിലെ എല്ലാമേഖലകളേയും ഗണിതം സ്വാധീനിക്കുന്നുണ്ട്. മറ്റ് വിഷയങ്ങളുടെ പഠനത്തിലും ഗണിതശാസ്ത്രം കടന്നുവരുന്നുണ്ട്. അതുകൊണ്ട് തന്നെ, അർത്ഥപൂർണ്ണമായ ആശയരൂപീകരണത്തിലൂടെ, കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന തരത്തിലാവണം നമ്മുടെ ഗണിതശാസ്ത്രപഠനം.

## ലക്ഷ്യങ്ങൾ

1. പ്രശ്നപരിഹരണശേഷി
2. യുക്തിചിന്തയുടെ വികാസം
3. വിവരശേഖരണം
4. സർഗ്ഗാത്മകത പരിപോഷിപ്പിക്കൽ
5. ഉപകരണങ്ങളുടെ ശരിയായ കൈകാര്യം ചെയ്യൽ
6. നിഗമനരൂപീകരണം
7. ശരിയായ വിശകലനം
8. താരതമ്യപഠനം
9. വർഗ്ഗീകരണം
10. ബന്ധം കണ്ടെത്തൽ

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|---|
| 1. | രണ്ട് വരകൾ ചേർത്ത് കോൺ ഉണ്ടാകുന്നതെങ്ങനെയെന്ന് തിരിച്ചറിയുക. കൃത്യതയോട കോൺ മാപിനി ഉപയോഗിച്ച് കോൺമാപിനി ഉപയോഗിച്ച് കോൾ അളക്കുകവരയ്ക്കുക. വിവിധ കോണളവുകളിൽ വൃത്ത കേന്ദ്രത്തെ ഭാഗിച്ച് ജ്യാമിനീയ പാറ്റേണുകൾ വരയ്ക്കുക. | ചതുരം, സാമാന്തരികം തുടങ്ങിയ രൂപങ്ങളുടെ മൂലകളിൽ രൂപപ്പെടുന്ന കോണുകൾകണ്ടെത്തുന്നു. പ്രൊട്രാക്ടർ ഉപയോഗിച്ചു കോൺ അളക്കുന്നു. നിശ്ചിതഅളവിൽ കോൺ വരയ്ക്കുന്ന രീതി മനസ്സിലാക്കുന്നു. നിശ്ചിതഭാഗങ്ങളായി ഭാഗിച്ചു വൃത്തഭാഗത്തിന്റെ കോണളവ് കണ്ടെത്തുകയും നിശ്ചിതകോണളവിൽ എത്രഭാഗമാണെന്ന് കണ്ടെത്തുകയും ചെയ്യുന്നു. | ജൂൺ | ഗണിത അദ്ധ്യാപകർ | ഗണിത അദ്ധ്യാപകർ |
| 2. | ഒരു ഭിന്നസംഖ്യയുടെ തന്നെ പലരൂപങ്ങൾ കണ്ടെത്തുക. ഏത് ഭിന്നസംഖ്യയുടെയും അംശത്തെയും ഛേദത്തെയും ഒരേ സംഖ്യ കൊണ്ട് ഗുണിച്ചാൽ ആ ഭിന്നസംഖ്യയുടെ തന്നെ മറ്റൊരു രൂപം ആകും എന്ന് തിരിച്ചറിയുക. ഒരു ഭിന്ന സംഖ്യയുടെ അംശത്തിനും ഛേദത്തിനും ഒരേ പൊതുഘടകമുണ്ടെങ്കിൽ അത് കൊണ്ട് അംശത്തിനെയും ഛേദത്തിനെയും ഹരിച്ചാൽ അതേ ഭിന്നസംഖ്യയുടെ മറ്റൊരു രൂപം കിട്ടുമെന്ന് കണ്ടെത്തുക | ഒരുഭിന്നസംഖ്യയുടെ പലരൂപങ്ങൾ കണ്ടെത്തി അവ വിശകലനം ചെയ്ത് ഒരു ഭിന്നസംഖ്യയുടെ തന്നെ പലരൂപങ്ങൾ കണ്ടെത്തുന്നതിനുള്ള മാർഗം രൂപീകരിക്കണം. ചിത്രങ്ങളുടെ സഹായത്തോടെ വിശദീകരിക്കുന്നു. ഭിന്നസംഖ്യകളുടെ പലരൂപങ്ങൾ കണ്ടെത്തി ഒരു ഭിന്നസംഖ്യയുടെ ലഘുരൂപം എന്നതിന്റെ ധാരണ കണ്ടെത്തുന്നു. | ജൂൺ<br>ജൂലൈ | ഗണിത അദ്ധ്യാപകർ<br>ക്ലാസ് ഗ്രൂപ്പുകൾ | ഗണിത അദ്ധ്യാപകർ |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ലക്ഷ്യം |
| --- | --- | --- | --- | --- | --- |
| 3. | ചതുരകട്ടയുടെ വ്യാപ്തം ഉള്ളവ കണക്കാക്കുന്ന തിനുള്ള മാർഗ്ഗം രൂപീകരിക്കുകഘന സെന്റീമീറ്റർ ഘനമീറ്റർ, ലിറ്റർ എന്നീ അളവുകൾ തമ്മിലുള്ള ബന്ധം കണ്ടെത്തുക. വ്യാപ്തം, ഉള്ളളവ് എന്നിവ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക. | ഒരു സെന്റീമീറ്റർ ചതുരകട്ടകൾ ചേർത്ത് വച്ചുണ്ടാക്കിയ വലിയ കട്ടയുടെ വ്യാപ്തം താരതമ്യ ചെയ്ത് യൂണിറ്റുക്യൂബുകൾ ഉപയോഗിച്ച് ഇത്തരം കട്ടകൾ ഉണ്ടാക്കി വ്യാപ്തം എന്ന ആശയം രൂപീകരിക്കുന്നു. നിത്യ ജീവിത സന്ദർഭത്തിലൂടെ വ്യാപ്തം ഉള്ളളവ് ഇവ കാണിക്കേണ്ടിയിരിക്കുന്നു. സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തി പ്രശ്നത്തിന് പരിഹാരം കാണുന്നു. | ആഗസ്റ്റ് | ഗണിത ക്ലബ്ബ് | ഗണിത അദ്ധ്യാപകർ |

# ക്ലാസ് - 5

# മാത്സ്

കുട്ടികളുടെ യുക്തിചിന്ത, സങ്കല്പം, പ്രശ്നപരിഹാരം തുടങ്ങിയ ശേഷികളുടെ വികാസത്തിന് പര്യാപ്തമായ ഒരു മാർഗ്ഗമാണ് ഗണിതശാസ്ത്രപഠനം. ഏത് മേഖല പരിശോധിച്ചാലും ഗണിതം ഇല്ലാത്ത ഒരു അവസ്ഥ കാണാനിടയില്ല. അത്തരത്തിൽ ലോകോത്തര സ്ഥാനം വഹിക്കുന്ന പ്രധാനപ്പെട്ട ഒരു ശാഖയാണ് ഗണിതം. ഇടം, എണ്ണം, അളവ്, അടുക്ക് എന്നീ വിഷയങ്ങളെപ്പറ്റിയും അവയുടെ മറ്റ് ശാസ്ത്രശാഖകളിലുള്ള പ്രയോഗത്തെപ്പറ്റിയും പ്രതിപാദിക്കുന്ന ഒരു ശാസ്ത്രശാഖ. കണക്കുകാർ പാറ്റേണുകളെ കണ്ടെത്തുകയും അവയുടെ പഠനത്തിലൂടെ അടിത്തറകൾ ഉണ്ടാക്കുകയും അവയുടെ നിർധാരണത്തിലൂടെ പുതിയ സത്യങ്ങൾ കണ്ടെത്തുകയും വെളിപാടുകൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. മറ്റ് ശാസ്ത്രശാഖകളിലൂടെ ഗണിതത്തിന്റെ പ്രയോഗവുമായി ബന്ധപ്പെട്ട പ്രയുക്ത ഗണിതശാസ്ത്രം ഒരുപാട് പുതിയ കണ്ടുപിടിത്തങ്ങൾക്കും പുതിയ ഗണിതശാസ്ത്രശാഖകളുടെ ഉത്ഭവത്തിന് കാരണാമായിട്ടുണ്ട്.

മനുഷ്യർ സ്വായത്തമാക്കിയ എണ്ണമെന്ന അമൂർത്ത സങ്കല്പത്തിൽ നിന്നുമാണ് ഗണിതശാസ്ത്രത്തിന്റെ തുടക്കം.

## ലക്ഷ്യങ്ങൾ

1. പ്രശ്നപരിഹരണശേഷി
2. യുക്തിചിന്തയുടെ വികാസം
3. വിവരശേഖരണം
4. സർഗ്ഗാത്മകത പരിപോഷിപ്പിക്കൽ
5. ഉപകരണങ്ങളുടെ ശരിയായ കൈകാര്യം ചെയ്യൽ
6. നിഗമനരൂപീകരണം
7. ശരിയായ വിശകലനം
8. താരതമ്യപഠനം
9. വർഗ്ഗീകരണം
10. ബന്ധം കണ്ടെത്തൽ

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം |
| --- | --- | --- | --- | --- | --- |
| 1 | കുത്തനെയുള്ള വരകളും ചരിഞ്ഞ വരകളും തിരിച്ചറിഞ്ഞ് ചതുർഭുജം നിർമ്മിക്കൽ | മട്ടങ്ങൾ ഉപയോഗിച്ച് ചതുരം സമചതുരം തുടങ്ങിയ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കാനും പ്രത്യേകതകൾ മനസ്സിലാക്കാനും കഴിയുന്നത് | ജൂൺ | ഗണിത അദ്ധ്യാപകൻ | ഗണിത അദ്ധ്യാപകൻ |
| 2 | അക്കങ്ങളുടെ എണ്ണം അടിസ്ഥാനമാക്കിയും സ്ഥാനവില അടിസ്ഥാനമാക്കിയും സംഖ്യകളുടെ എഴുതൽ, വായിക്കൽ | ലക്ഷം, പത്ത് ലക്ഷം, കോടിതുടങ്ങി വലിയ സംഖ്യകളെ അക്കങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി വായിക്കാനും എഴുതാനും കഴിയുന്നത് | ജൂലൈ | ഗണിത അദ്ധ്യാപകൻ | ഗണിത അദ്ധ്യാപകൻ |
| 3 | രണ്ടു സംഖ്യകൾ തമ്മിൽ ഗുണിക്കുന്നതിന് വ്യത്യസ്ത മാർഗ്ഗങ്ങൾ കണ്ടെത്തൽ | ഗുണനവുമായി ബന്ധപ്പെട്ട സംഖ്യാ പ്രത്യേകതകൾ കണ്ടെത്തൽ ശേഖരിക്കൽ | ഓഗസ്റ്റ് | ഗണിത അദ്ധ്യാപകൻ | ഗണിത അദ്ധ്യാപകൻ |
| 4 | രണ്ട് സംഖ്യകളുടെ ഗുണനഫലത്തിൽ നിന്ന് അവയുമായി ബന്ധപ്പെട്ട മറ്റു ചില സംഖ്യകളുടെ ഗുണന ഫലങ്ങൾ ഗുണിക്കാതെ തന്നെ കണക്കാക്കൽ, സമചതുര സംഖ്യകളെ എണ്ണൽ സംഖ്യകളുടെ തുകയായി പലതരത്തിൽ പിരിച്ചെഴുതൽ | ഗുണനവുമായി ബന്ധപ്പെട്ട സംഖ്യാ പ്രത്യേകതകൾ കണ്ടെത്തൽ ശേഖരിക്കൽ | ഓഗസ്റ്റ് | ഗണിത അദ്ധ്യാപകൻ | ഗണിത അദ്ധ്യാപകൻ |

# Class - 5

# Basic Science

Science "happens" all around us everyday, and you have endless opportunities to invite your child in to the wonder of science , Scientific knowledge s cumulative: To learn new things, you ust build on what you are already know. Although we can't make our child like science , we can encourage his/her to do so and we can help the child to appreciate it value both n their everyday life and is preparing for her future. Science involves

- ♦ Observing what's happening
- ♦ Classifying or organizing information
- ♦ Predicting what will happen
- ♦ Drawing conclusions

## Objectives

- ☐ Develop scientific temper and scientific thinking
- ☐ Understanding about the nature of scientific knowledge ie, testable, unified, parsimonious, amoral developmental and creative.
- ☐ Process skills of science which includes observations, posing questions, searching various resources of learning, using various tools for collecting, analyzing and interpreting data.
- ☐ Appreciation for historical aspects of evolution of science
- ☐ Request for human dignity and rights, gender equality, value of honesty, integrity, cooperation and concern for life
- ☐ Classifies/ make categories of the objects, leave, pictures of plants, animals, food items etc based on two or more than two feature at a time.
- ☐ Expresses curiosity while observing new objects situations/ phenomenon I the natural & social environment.
- ☐ Activities
- ☐ Classes are taken to differently abled children with the help of BRC Coordinator and our faculty
- ☐ Conduct seminar and camp related to sky watch
- ☐ Decorating the walls of the classroom, library and lab with scientific pictures and charts prepared by students themselves
- ☐ Promote the use of IT in learning science
- ☐ To conduct seminar, workshop, exhibition and Quiz competition to inculcate students knowledge in the field of science.
- ☐ Arranging visit to places of scientific interest.

Unit 1 the chain of life

| Sl. No. | Topic of objective | Activities | Material needed | Assessment | Duration | Support |
|---|---|---|---|---|---|---|
| 1. | Introduction to food chains Define food chains Identify basic components Classify the organisms into producers consumers and decomposers | Watch a short video discuss what animals eat<br><br>Sorting game with organism cards.<br><br>Garden observation or nature walk. | Text book, video, pictures of animals and plants<br><br>Flash cards, chart paper, markers. | Oral Q&A Brainstorming<br><br>Marching worksheets | June | Teacher, ICT, BRC |
| 2. | Constructing simple food chains | Build and explain food chains | Food chains using cut outs or drawing | Peer review, teacher check list | | |
| 3. | Food webs and energy flow combine food chains into food web and energy flow. | Group activity to build a food web on a chart paper with arrows.<br><br>Discussion on energy transfer. | Poster | Labeling activity | July | |
| 4. | Analyse impact of changes in a food chain, value of ecosystem balance | Role play, ecosystem changes. | Scenario cards, role badges | Paragraph writing | | |

Unit 2 Away from Diseases

| Sl. No. | Topic of objective | Activities | Material needed | Assessment | Duration | Support |
|---|---|---|---|---|---|---|
| 1. | Introduce concept of diseases. Classify diseases (communicable and non communicable) | Story telling or discussion illness experiences. Use pictures to group different types of diseases. | Chart papers, markers, flash cards with the name of diseases. | Oral questioning Group work Presentation | July | Teacher ICT BRC |
| 2. | Understand causes and spread of diseases | Role play on how germs spread | Costu-mes, soap, water, sanitizer | Observation and Q & A | | |
| 3. | Learn prevention and control methods | Demonstration of hygiene practices. | Soap, water, towel, clean items. | Practical demonstration | August | |
| 4. | Importance of vaccination and healthy habits | Invite a health worker or use a video class vaccination charts. | Video of importa nce of vacci nation | Interactive Q&A | | |

# ക്ലാസ് – 6

# അടിസ്ഥാന ശാസ്ത്രം

കുട്ടികളിൽ ശാസ്ത്രവബോധം ഉളവാക്കുവാനും ശാസ്ത്ര അഭിരുചി വളർത്തുവാനും ശാസ്ത്രപഠനം ഏറെ സ്വാധീനം ചെലുത്തുന്നു. നിരീക്ഷണ പരീക്ഷണങ്ങളിലൂടെ പുതിയ ശാസ്ത്ര സൃഷ്ടികൾ രൂപീകരിക്കുവാൻ അനുരൂപരാക്കുന്നു. നിരീക്ഷണത്തിലൂടെയും പരീക്ഷണത്തി ലൂടെയും ഭൗതീകവും പ്രകൃദത്തവുമായ ഒന്നാണ് ശാസ്ത്രം. നിങ്ങൾ ശാസ്ത്രത്തെ ഒരു വശ ത്തുനിന്ന് നോക്കുകയാണെങ്കിൽ അതിന്റെ ചുറ്റുപാടുകളോടെ വളരെ യുക്തിസഹജമായ സമീ പനമാണ് പ്രകടമാകുന്നത്. കാർഷികരംഗത്ത് വൻ പുരോഗതി സൃഷ്ടിച്ചത് ശാസ്ത്രമാണ്. ശാസ്ത്രീയ വിത്തുല്പാദനവും കൃഷിയും വിളവ് ഇരട്ടിയാക്കി എന്തിന് മണ്ണില്ലാതെ വായുവിൽ വരെ ചെടിവളർത്താൻ മനുഷ്യൻ ശേഷി ആർജ്ജിച്ചു. കീടനാശിനികൾക്കും, രാസവസ്തു ക്കൾക്കും ആഹാര ദൗർലഭ്യം ഒരു പ്രശ്നമല്ലാതാക്കാൻ സാധിച്ചു. ഇതിനെല്ലാം പുറമെ സമൂ ഹത്തെ ബാധിച്ച അന്ധവിശ്വാസങ്ങളെയും, അനാചാരങ്ങളെയും തകർത്തെറിയുവാൻ ശാസ്ത്ര രംഗത്തെ മുന്നേറ്റം കാരണമായി.

## ലക്ഷ്യങ്ങൾ

1. നിരീക്ഷണം, പരീക്ഷണം, സാമാന്യവൽക്കരണം എന്നീ ഘട്ടങ്ങളിലൂടെ പ്രശ്ന പരിഹാരത്തിലേക്ക് എത്തുന്ന ശാസ്ത്രത്തിന്റെ രീതി ഓരോ കുട്ടിയും സ്വായത്തമാക്കുക
2. ശാസ്ത്രസംബന്ധമായ വസ്തുതകൾ, ആശയങ്ങൾ, തത്വങ്ങൾ, നിയമങ്ങൾ, അനുമാന ങ്ങൾ എന്നിവ പരീക്ഷണ നിരീക്ഷണപ്രവർത്തനങ്ങൾ, ചർച്ച, സംവാദനങ്ങൾ, പ്രോജക്ട് പ്രവർത്തനങ്ങൾ, പഠനയാത്ര തുടങ്ങിയവയിലൂടെ സ്വാഭാവികമായി കുട്ടികളിൽ രൂപപ്പെടുത്തുക.
3. പഠനപ്രക്രീയയിലുടെ ആർജ്ജിച്ച അറിവും പ്രക്രീയശേഷികളും ജീവിതസാഹചര്യങ്ങളും പ്രയോഗിക്കാൻ പഠിതാക്കൾക്ക് കഴിയുക.
4. കുട്ടിയുടെ സഹജമായ കഴുവുകൾ വികസിക്കുന്നതിനും വ്യത്യസ്തമായി ചിന്തിക്കുന്നതിനും നൂതനമായ കണ്ടെത്തലുകൾ നടത്തുന്നതിനും അവസരങ്ങൾ നൽകുക
5. പ്രവർത്തനത്തിലൂടെ ആർജ്ജിച്ച ശാസ്ത്രഅറിവുകളെ പ്രശ്നപരിഹാരങ്ങൾക്ക് പ്രയോജന പ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക.
6. ചോദ്യങ്ങൾ ഉന്നയിക്കൽ, യുക്തി ഉപയോഗിച്ചുളള പ്രശനപരിഹാരം, നിർമ്മിച്ച അറിവുകളെ പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാൻ തയാറാകൽ എന്നിങ്ങനെയുള്ള കഴിവുകളും ശീലങ്ങളും കുട്ടികളിൽ വളർത്തിയെടുക്കുക
7. സയന്റിഫിക് ടെമ്പർ, അന്വേഷണത്വര, വിമർശനാത്മകചിന്ത എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക
8. വ്യക്തിശുചിത്വം, സാമൂഹികശുചിത്വം എന്നിവ പാലിക്കാനും ശാരീരിക, മാനസിക, സാമൂഹികാരോഗ്യം കൈവരിക്കാനും അനുഭവങ്ങൾ നൽകുക
9. ശാസ്ത്രീയ അറിവുകളും ശാസ്ത്രീയരീതിയും പ്രയോജനപ്പെടുത്തി വ്യക്തിപരവും സാമൂഹികവുമായ ലഘുപ്രശനങ്ങൾ ഏറ്റെടുത്തു പരിഹരിക്കാൻ പ്രാപ്തനാക്കുക
10. ശാസ്ത്രനേട്ടങ്ങളിൽ അഭിമാനം കൊള്ളാനും ശാസ്ത്രത്തിനായി ജീവിതം സമർപ്പിച്ചവരോട് ആദരവ് പ്രകടിപ്പിക്കുവാനും അവസരമൊരുക്കുക

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം |
|---|---|---|---|---|---|
| 1 | പോഷക ഘടകങ്ങളുടെ ഗുണങ്ങൾ, അപര്യാപ്താ രോഗങ്ങൾ, വിറ്റാമിനുകൾ, പ്രാധാന്യം, ഗുണകരമായ ഭക്ഷണപദാർത്ഥങ്ങളുടെ തിരിച്ചറിവ്, നാര് അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുന്നു. ഗ്രൂപ്പ് പ്രവർത്തനം പരിപോഷിപ്പിക്കൽ സംഘപ്രവർത്തനം വളർത്തൽ | സെമിനാർ- ഡോക്ടറുടെ സേവനം പ്രയോജനപ്പെടുത്തുന്നു. പ്രൊജക്ട്- വിറ്റാമിനുകളും അപര്യാപ്തതാ രോഗങ്ങളും | ജൂൺ | ശാസ്ത്ര ക്ലബ് | എസ്.ആർ.ജി. പി. റ്റി. എ. |
| 2 | കാന്തങ്ങൾ- കണ്ടുപിടിത്തം, പ്രയോജനങ്ങൾ,കൃത്രിമ കാന്തങ്ങൾ, നിർമ്മാണരീതി. പരീക്ഷണവസ്തുക്കൾ നിർമ്മാണശേഷി, കൃത്യതയോടെ പ്രവർത്തിപ്പിക്കാനുള്ള കഴിവ്, ശാസ്ത്ര കൗതുകം വളർത്തുന്നു. | പ്രൊജക്ട്- കാന്തങ്ങളുടെ നിർമ്മാണവും ഉപയോഗങ്ങളും. പരീക്ഷണം-കാന്തം ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾ പ്രദർശിപ്പിക്കുന്നു. വടക്ക് നോക്കിയന്ത്രം പ്രവർത്തിപ്പിച്ച് ദിശ കണ്ടെത്തുന്നു. | ജൂലൈ | ക്ലാസ്സ് ഗ്രൂപ്പുകൾ | ടീച്ചർ |
| 3 | മനുഷ്യാസ്ഥികൂടം, അസ്ഥിസന്ധികൾ, പ്രഥമ ശുശ്രൂഷ എന്നിവയെക്കുറിച്ചുള്ള അറിവ് നേടുന്നു. പ്രഥമ ശുശ്രൂഷക്കുള്ള നൈപുണി നേടുന്നു. | സെമിനാർ-ഡോക്ടർ ക്ലാസ്സ് നയിക്കുന്നു. | ആഗസ്റ്റ് | ശാസ്ത്ര ക്ലബ് | എസ്.ആർ.ജി. |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായം |
|---|---|---|---|---|---|
| 4 | സസ്യങ്ങളിലെ ലൈംഗിക പ്രജനനം, ഉൾപ്പെടുന്ന ഭാഗങ്ങൾ, ഫലം, വിത്ത് എന്നിവ രൂപം കൊള്ളുന്ന ഭാഗം, ലൈംഗിക പ്രജനനത്തിന്റെ നേട്ടങ്ങൾ പോളിനേഷന് സഹായിക്കുന്ന ജീവികൾ, അജീവിയ ഘടങ്ങൾ. | സെമിനാർ-ക്ലാസ്സ് ഗ്രൂപ്പുകളിൽ<br>എ) ലൈംഗിക പ്രജനനം<br>ബി) പരാഗണം | സെപ്റ്റംബർ | ശാസ്ത്ര ക്ലാസ്സ് | ടീച്ചർ |
| 5 | മിശ്രിതങ്ങൾ-ഘടകങ്ങൾ, വേർതിരിക്കൽ. തരങ്ങൾ-ഏകാത്മക മിശ്രിതം, ഭിന്നാത്മ മിശ്രിതം | പരീക്ഷണം മിശ്രിതങ്ങളിൽ അടങ്ങിയിരിക്കുന്ന ലവണങ്ങൾ വേർതിരിച്ച് കാണിക്കുന്നു. വിവിധതരം വേർതിരിക്കൽ രീതികൾ പരിചയപ്പെടുന്നു. | ഒക്ടോബർ | ശാസ്ത്ര ക്ലാസ്സ് | ടീച്ചർ |
| | | | | | |

# ക്ലാസ് – 7

# ബേസിക് സയൻസ്

പ്രപഞ്ചത്തിലുള്ള മുഴുവൻ വസ്തുക്കളുടെയും പിന്നിലുള്ള രഹസ്യമാണ് സയൻസ്. ലാറ്റിൻ ഭാഷയിലെ സയന്റിയ എന്ന പദത്തിൽ നിന്നാണ് സയൻസ് എന്ന വാക്ക് നിഷ്പന്നമായിട്ടുള്ളത്. അറിവ് എന്നാണ് ഇതിന്റെ അർത്ഥം. പ്രപഞ്ചത്തെപ്പറ്റിയുള്ള അറിവ് സ്വരുക്കൂട്ടുകയും പരീക്ഷിച്ചുനോക്കാവുന്ന വിശദീകരണങ്ങളായും പ്രവചനങ്ങളായും ക്രമീകരിക്കുകയും ചെയ്യുന്ന ഒരു പ്രസ്ഥാനമാണ് ശാസ്ത്രം. മനുഷ്യന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ച ഒന്നാണ് ശാസ്ത്രം. ശാസ്ത്രലോകം അതിന്റെ മുന്നറിവുകളുടെ അടിസ്ഥാനത്തിൽ നടത്തുന്ന അതിന്റെ ഗവേഷണം പുതിയമേഖലയിലേക്ക് മനുഷ്യരാശിയെ വഴിതെളിക്കുന്നു. ശാസ്ത്രലോകത്തിന്റെ ഓരോ കണ്ടുപിടിത്തവും തുടർപഠനത്തിനായി വഴിയൊരുക്കുന്നു. സമസ്തലോകത്തെ വികാസങ്ങളുടെ പ്രത്യേകിച്ചും ആരോഗ്യ, കാർഷിക മേഖലകളിലെ വികസനം ശാസ്ത്രത്തിന്റെ നൂതന കണ്ടുപിടിത്തങ്ങളുടെ അനന്തരഫലമാണ്.

## ലക്ഷ്യങ്ങൾ

1. ശാസ്ത്ര പഠനത്തെ സമൂഹത്തിന്റെ ഉന്നമനത്തിന് പ്രയോജനപ്പെടുത്തുക.
2. ആരോഗ്യത്തിന് പോഷകസമൃദ്ധമായ ആഹാരവും ശുചിത്വവും ഉറപ്പുവരുത്തുക.
3. പാരിസ്ഥിതികാവബോധം വളർത്തുക.
4. സ്വായത്തമാക്കിയ അറിവ് സമൂഹത്തിന്റെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുക.
5. നിരന്തരപഠനം നടത്തി നിഗമനങ്ങളിൽ എത്തിച്ചേരുക.
6. പാരിസ്ഥിതിക പ്രശ്നങ്ങളെ ശാസ്ത്രീയമായി പരിഹരിക്കുക.
7. കുട്ടികളിൽ ഗവേഷണ അഭിരുചി വളർത്തുക
8. പ്രകൃതിവിഭവങ്ങളെ വിവേകപൂർവ്വം വിനിയോഗിക്കുക.

| കാലയളവ് | ആശയങ്ങൾ / ധാരണകൾ | പഠന പ്രവർത്തനം | പഠന സാമഗ്രികൾ | പഠന നേട്ടങ്ങൾ | മൂല്യങ്ങൾ/ മനോഭാവം | വിലയിരുത്തൽ |
| --- | --- | --- | --- | --- | --- | --- |
| ജൂൺ | യൂണിറ്റ് 1<br>വിളയിക്കാം നൂറുമേനി<br><br>ലൈംഗിക പ്രജനനം<br>കായിക പ്രജനനം<br>വർഗ്ഗസങ്കരണം<br>സങ്കരയിനം വിത്തുകൾ<br>കാർഷിക ഗവേഷണ സ്ഥാപനങ്ങൾ<br>വിള പരിപാലനം<br>ജൈവ കീടനാശിനി<br>വിവിധ കാർഷിക സംരംഭങ്ങൾ | മികച്ച വിത്തും നടീൽ വസ്തുക്കളും നിരീക്ഷണം തെരഞ്ഞെടുക്കുന്നു<br><br>സസ്യങ്ങളെ പ്രചരണത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു<br><br>ബഡ്ഡിങ്, ഗ്രാഫ്റ്റിങ്, ലയറിങ് എന്നിവ ചെയ്യുന്നു<br><br>സങ്കരയിനം വിത്ത് ഉല്പാദിപ്പിക്കുന്നു<br><br>കാർഷിക ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിച്ച് വിവരം ശേഖരിക്കുന്നു | ഐസിടി ഫലം നിറഞ്ഞുനിൽക്കുന്ന ചെടികൾ പാകമായ ഫലങ്ങൾ വിത്ത് കായിക പ്രചനനം എന്നിവയുടെ ചിത്രങ്ങൾ കായിക പ്രചനനം നടക്കുന്ന ചെടികൾ ഐസിടി ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിങ്, സങ്കരയിനം വിത്തുകൾ, കാർഷിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ ചിത്രവും വീഡിയോയും | ഗുണമേന്മയുള്ള വിത്ത് തിരഞ്ഞെടുക്കുന്നതിന് ചെടി ഫലം വിത്ത് എന്നിവയ്ക്ക് ഉണ്ടാകേണ്ട ഗുണങ്ങൾ നിരീക്ഷണം പരീക്ഷണം ചിത്ര വിശകലനം എന്നിവയിലൂടെ കണ്ടെത്തുന്നതിന്നും തിരഞ്ഞെടുക്കുന്നതിനും നിരീക്ഷണം വിവരശേഖരണം എന്നിവയിലൂടെ കായിക പ്രജനനം ലൈംഗിക പ്രജനനം എന്നിവ തിരിച്ചറിയുന്നതിനും സസ്യങ്ങളെ പ്രജനനത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നതിനും ജൈവവളം രാസവളം എന്നിവയെ കുറിച്ച് അറിയുന്നതിനും ഇവയുടെ ദോഷങ്ങൾ താരതമ്യം ചെയ്യുന്നതും കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള താല്പര്യം വളർത്തുന്നതിനും | പ്രകൃതി സ്നേഹം സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള മനോഭാവം കാർഷിക പ്രവർത്തനങ്ങളിൽ താല്പര്യമുണ്ടാകുന്നു ജൈവ വൈവിധ്യ സംരക്ഷണം, കീടനാശിനി, രാസവളം എന്നിവയുടെ അമിത ഉപയോഗം കുറയ്ക്കാനുള്ള മനോഭാവം മണ്ണ് സംരക്ഷണം കർഷകരോട് ആദരവ് പ്രകടിപ്പിക്കൽ പ്രകൃതിയെ പാഠപുസ്തകം ആക്കുന്നതിനുള്ള മനോഭാവം | ക്വിസ് യൂണിറ്റ് ടെസ്റ്റ് |

| കാലയളവ് | ആശയങ്ങൾ / ധാരണകൾ | പഠന പ്രവർത്തനം | പഠന സാമഗ്രികൾ | പഠന നേട്ടങ്ങൾ | മൂല്യങ്ങൾ/ മനോഭാവം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ജൂലൈ | യൂണിറ്റ് 2<br>ആസിഡുകളും ബേസുകളും<br><br>ആസിഡുകളുടെയും ബേസുകളുടെയും പൊതുസവിശേഷതകൾ<br>ലാബിലെ ആസിഡുകളും ബേസുകളും ലാബ് സേഫ്റ്റി<br>ആസിഡുകളുടെയും ബേസുകളുടെയും ഉപയോഗങ്ങൾ<br>പ്രകൃതിദത്ത സൂചകങ്ങൾ | പരീക്ഷണം നിരീക്ഷണം ചർച്ച എന്നിവകൾ ഏർപ്പെടുത്തുന്നു<br>നിർമ്മാണം<br>ഐ സി ടി<br>ചർച്ച<br>പരീക്ഷണം<br>പ്രോജക്ട് | ഗ്ലാസ് ടംബ്ലറുകൾ ,ഡ്രോപ്പർ ,നാരങ്ങ, പതിമുഖ വെള്ളം, വിനാഗിരി, അപ്പക്കാരം, ചുണ്ണാമ്പ്, മോര്, പുളി വെള്ളം, ചാരം, ലിറ്റ്മസ് പേപ്പർ (നീല, ചുവപ്പ്) ടെസ്റ്റ് ട്യൂബ്, ഹൈഡ്രോ ക്ലോറിക് ആസിഡ്, ആസിഡ് ബേസ് ഉപയോഗം കാണിക്കുന്ന വീഡിയോ കൾ, സോപ്പ് നിർമ്മാണ കിറ്റ് , വെളിച്ചെണ്ണ, സോപ്പിന്റെ മോൾഡ് | പരീക്ഷണം നിരീക്ഷണം വിവരശേഖരണം എന്നിവയിലൂടെ ആസിഡുകളുടെ പൊതുസവിശേഷതകൾ കണ്ടെത്തുന്നതിന്<br>ആസിഡുകളുടെയും ബേസുകളുടെയും ഉപയോഗത്തെക്കുറിച്ച് ധാരണ നേടുന്നതിന്<br>സോപ്പ് നിർമ്മാണത്തിനുള്ള സാമഗ്രികൾ തിരിച്ചറിയുന്നതിന്<br>നിശ്ചിത അളവിൽ സാമഗ്രികൾ എടുത്ത് സോപ്പ് നിർമ്മിക്കുന്നതിന് നൈപുണ്യം നേടുന്നതിന്<br>രാസ വസ്തുക്കളും ഉപകരണങ്ങളും ശ്രദ്ധയോടും സൂക്ഷ്മതയോടും കൈകാര്യം ചെയ്യാനുള്ള മനോഭാവം വളർത്തുന്നതിന് | നമുക്ക് ചുറ്റുമുള്ള പദാർത്ഥങ്ങളെ അവയുടെ രാസവങ്ങൾ തിരിച്ചറിഞ്ഞ് നിത്യജീവിതത്തിൽ ആവശ്യാനുസരണം ഉപയോഗപ്പെടുത്തൽ<br>സോഫ്റ്റ് ഡ്രിങ്കുകളുടെ രാസ സ്വഭാവം തിരിച്ചറിഞ്ഞ് അവ ഉപയോഗിക്കാതിരിക്കാൻ ഉള്ള മനോഭാവം | പരീക്ഷണങ്ങളിലെ പങ്കാളിത്തം<br>പരീക്ഷണക്കുറിപ്പ്<br>പട്ടികകൾ<br>നിർമ്മാണക്കുറിപ്പ്<br>പ്രോജക്ടിന്റെ വിവിധ ഘട്ടങ്ങളെ കുറിച്ച് ധാരണ<br>പങ്കാളിത്തം<br>പ്രോജക്ട് റിപ്പോർട്ട്<br>തയ്യാറാക്കിയ സൂചക പേപ്പറുകൾ<br>സൂചക ദ്രാവകങ്ങൾ |

| കാലയളവ് | ആശയങ്ങൾ / ധാരണകൾ | **പഠന പ്രവർത്തനം** | **പഠന സാമഗ്രികൾ** | **പഠന നേട്ടങ്ങൾ** | **മൂല്യങ്ങൾ/ മനോഭാവം** | **വിലയിരുത്തൽ** |
|---|---|---|---|---|---|---|
| ഓഗസ്റ്റ് | യൂണിറ്റ് 3<br>വൈദ്യുതിയുടെ ലോകം<br><br>വൈദ്യുത സെൽ ബാറ്ററി റീചാർജ് ചെയ്യാൻ കഴിയുന്നത് കഴിയാത്തത് പലതരം ബൾബുകൾ വൈദ്യുത സർക്കീട്ട് അടയ്ക്കുന്ന സർക്കീട്ട് തുറന്ന് സർക്കീട്ട് സ്വിച്ച് വൈദ്യുത ചാലകങ്ങൾ ഇൻസുലേറ്ററുകൾ ലോഹങ്ങൾ വൈദ്യുത ചാലക സ്വഭാവം ചിഹ്നങ്ങൾ വൈദ്യുത ലൈൻ വ്യത്യസ്ത ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർക്കീട്ടുകൾ ഷോക്ക് ഏൽക്കാൻ ഇടയുള്ള സാഹചര്യങ്ങൾ നൽകേണ്ട പ്രഥമ ശുശ്രൂഷ ജനറേറ്റർ ജലവൈദ്യുത ഉൽപാദനത്തിനുള്ള മറ്റ് സാധ്യത വൈദ്യുതി പാഴാകുന്ന സന്ദർഭങ്ങൾ വൈദ്യുതി പാഴാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | വൈദ്യുത സ്രോതസ്സുകൾക്ക് ഉദാഹരണം കണ്ടെത്തുന്നു സെൽ ബാറ്ററി എന്നിവ ചിത്രീകരിക്കുന്നു സർക്കീട്ട് ക്രമീകരിച്ച് അടഞ്ഞ സർക്കീട്ട്, തുറന്നു സർക്കീട്ട് എന്നിവ വിശദീകരിക്കുന്നു സിമ്പൽ ഉപയോഗിച്ച് സർക്കീട്ട് ചിത്രീകരിക്കുന്നു എമർജൻസി ലാമ്പ് നിർമ്മിക്കുന്നു | എമർജൻസി ലാമ്പ് മൊബൈൽ ക്ലോക്ക്, വാച്ച്, റിമോട്ട് എന്നിവയിലെ സെൽ, ബാറ്ററി, എൽഇഡി മൊഡ്യൂൾ, ബൾബ് ഫിലമെൻറ് , ബൾബ് , സി എഫ് എൽ , ഐസിടി, അലൂമിനിയം, കമ്പി, സിങ്ക് കഷണം, ലെഡ് കമ്പി, മഗ്നീഷ്യ റിബൺ, ടിൻ ഷീറ്റ് കഷണം വിവിധ വയറുകൾ, മിനി മോട്ടർ വിവിധതരം സ്വിച്ചുകൾ | നിരീക്ഷണം അനുഭവ വിശകലനം റഫറൻസ് എന്നിവയിലൂടെ വൈദ്യുത സ്രോതസ്സുകളെ കുറിച്ച് വിവരം ശേഖരിക്കുന്നു സെല്ലുകളും ബാറ്ററികളും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു ജനറേറ്റർ ജലവൈദ്യുത നിലയം എന്നിവയുടെ പ്രവർത്തനത്തെക്കുറിച്ച് പ്രാഥമിക ധാരണ വൈദ്യുതി പാഴാവുന്ന സന്ദർഭങ്ങൾ തിരിച്ചറിഞ്ഞ് അത് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക | വൈദ്യുത സംരക്ഷണം ബൾബ് ഉപയോഗിക്കുന്നതിനുള്ള മനോഭാവം സർക്കീട്ടുകൾ നിർമ്മിക്കുന്നതിനുള്ള താല്പര്യം പലതരം സർക്യൂട്ടുകൾ ചിത്രീകരിക്കുന്നതിനുള്ള മനോഭാവം എമർജൻസി ലാമ്പ് നിർമ്മിച്ച് ഉപയോഗിക്കുന്നതിനുള്ള താല്പര്യം | പരീക്ഷണങ്ങളിലെ പങ്കാളിത്ത കൃത്യത പരീക്ഷണക്കുറുപ്പ് സർക്കീട്ട് ക്രമീകരിക്കുന്നതിലെ കൃത്യത അടഞ്ഞ സർക്കീട്ട് തുറന്നു സർക്കീട്ട് എന്നിവയുടെ വിശദീകരണക്കുറിപ്പ്<br><br>സർക്കീട്ട് ക്രമീകരിച്ച് വൈദ്യുതി കടത്തി വിടുന്ന വസ്തുക്കളുടെയും കടത്തി വിടാത്ത വസ്തുക്കളുടെയും കൃത്യമായ തരംതിരിവ്<br><br>എമർജൻസി ലാമ്പ് നിർമ്മാണത്തിലെ കൃത്യത വൈദഗ്ധ്യം |

# സാമൂഹ്യശാസ്ത്രം

സാമൂഹ്യ ജീവിയായ മനുഷ്യന്റെ സാമൂഹ്യ ബന്ധങ്ങളെക്കുറിച്ചുള്ള പഠനമാണ് സാമൂഹ്യ ശാസ്ത്രം. സാമൂഹ്യ ബന്ധങ്ങൾ തിരിച്ചറിഞ്ഞ് സാമൂഹ്യമാറ്റങ്ങളിൽ പങ്കാളികളാകുക, സമൂഹത്തെമുന്നോട്ട് നയിക്കുന്നതിൽ തന്റെ പങ്ക് തിരിച്ചറിയുക തുടങ്ങിയവ സാമൂഹിക ശാസ്ത്രം ലക്ഷ്യമിടുന്നു. സാമൂഹിക ശാസ്ത്രത്തിന്റെ മറ്റുമേഖലകളായ ഭൂമി ശാസ്ത്രം മനുഷ്യനും പ്രകൃതിയുംതമ്മിലുള്ള ബന്ധത്തെ കേന്ദ്ര ആശയമായി സ്വീകരിച്ചിരിക്കുന്നു. ജനത, രാഷ്ട്രം, ഭരണക്രമം തുടങ്ങിയവയെകുറിച്ചുള്ള പഠനമാണ് രാഷ്ട്രതന്ത്രം. മറ്റൊരു വിഭാഗമായ സാമ്പത്തിക ശാസ്ത്രം ഉല്പാദനം, വിതരണം ഉപഭോഗം, സമ്പത്തിന്റെ വിതരണം എന്നിവയെ കുറിച്ചുള്ള പഠനത്തിൽ അധിഷ്ഠിതമാണ്. ചുരുക്കത്തിൽ ശരിയായ സാമൂഹിക കാഴ്ചപ്പാടും പാരിസ്ഥിതിക അവബോധവും വളർത്തുന്നതിനുതകുന്ന ധാരണകൾ, മനോഭാവങ്ങൾ മൂല്യങ്ങൾ നൈപുണികൾ എന്നിവ വളർത്തുന്നതിന് സാമൂഹികശാസ്ത്രപഠനം അത്യന്താപേക്ഷിതമാണ്.

## ലക്ഷ്യങ്ങൾ

- വിമർശനചിന്ത
- നിരീക്ഷണം
- നിഗമനങ്ങൾ രൂപപ്പെടുത്തൽ
- വിവരശേഖരണം
- സഹകരണ മനോഭാവം
- പ്രതികരണശേഷി
- സാമൂഹിക കാഴ്ചപ്പാട്
- പ്രാദേശിക വിഭവങ്ങളുടെ സംരക്ഷണം
- ജനാധിപത്യബോധം
- സഹിഷ്ണുത

## പഠന തന്ത്രങ്ങൾ

- സെമിനാർ
- ഗ്രൂപ്പ് ചർച്ച
- അഭിമുഖം
- ഫീൽഡ് ട്രിപ്പ്
- താരതമ്യ കുറിപ്പ്
- പദസൂര്യൻ നിർമ്മാണം
- പട്ടികപ്പെടുത്തൽ
- പോസ്റ്റർ നിർമ്മാണം
- ആൽബം തയ്യാറാക്കൽ
- നാടകാവിഷ്ക്കരണം
- പോർട്ട്ഫോളിയോ തയ്യാറാക്കൽ
- സർവ്വേ
- ചോദ്യാവലി തയ്യാറാക്കൽ
- ഫ്ളോചാർട്ട്
- വർഗ്ഗീകരണം
- ശേഖരണം

Class - V

| SL No | Area | Activity | Period | Sources | Support |
|---|---|---|---|---|---|
| 1 | Peeli's village | The lesson Peeli's village introducing students a rural village life through illustrations and descriptions. The lesson focus the villages weekly Markets. The teacher shows charts, flashcards, pictures and videos related to Peeli's village. | June | | Text Book ICT BRC |
| 2 | Food and Human | The lesson food and human helps the students in understanding the origin development and cultural significance of food. This includes how different cultures have developed unique food practices and how food traditions have changed over time. Through manuscript, photo exhibition related to food security conducting food fest vegetable garden etc helps the students to understand the importance of 4th security and challenges to poverty. | July | | |
| 3 | Diverse Employment | With the helps of videos, questionnaires, seminars visit to self employment ventures, presentation, projects for promoting self employment, picture album. Students understand that employment is the main source of income. | August | | |

| SL No | Area | Activity | Period | Sources | Support |
| --- | --- | --- | --- | --- | --- |
| 4 | Clothing through the ages | By preparing picture album based on 'Diversity of clothing in Indian State' visiting handloom centres, making of videos and visiting old age homes; orphanages and relief camps. The lesson discusses how people initially used natural materials like animal skins,leaves and other resources to create clothing for protection and warmth. | September | | |
| 5 | Let's read and draw | With the help of charts, maps, making of globe by organising kerala map reading quiz competitions, students understanding and applying map skills in daily life and also develop a skill of sketching their own school. | October | | |
| 6 | People, by the people | Preparation of digital album by collecting the pictures related to election questionnaire, seminar based on the characteristics of democracy and model of electronic voting machine make them aware of how democracy works in our country. | November | | |

ക്ലാസ് - 6

| കാലയളവ് | ആശയങ്ങൾ / ധാരണകൾ | പഠന പ്രവർത്തനം | പഠന സാമഗ്രികൾ | പഠന നേട്ടങ്ങൾ | മൂല്യങ്ങൾ/ മനോഭാവം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ജൂൺ | മനുഷ്യന്റെ ഉൽഭവവും പരിണാമവും മനുഷ്യവികാസത്തിന്റെ വിവിധഘട്ടങ്ങൾ വെങ്കലയുഗ സംസ്കാരങ്ങളിൽ/ മെസപൊട്ടേമിയൻ സംസ്കാരം/ഈജിപ്ഷൻ സംസ്കാരം/ ചൈനീസ് സംസ്കാരം/ഹാരപ്പൻ സംസ്കാരം | മനുഷ്യരും പരിണാമവും സെമിനാർ മനുഷ്യ -വർഗ്ഗങ്ങളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. ശിലായുഗകാലഘട്ടങ്ങളെകുറിച്ച് താരതമ്യക്കുറിപ്പ്, ചാർട്ട് തയാറാക്കുന്നു ഭൂപടവായനയിലൂടെ നദീതട സംസ്കാരകേന്ദ്രങ്ങൾ കണ്ടെത്തുന്നു. വെങ്കലയുഗ സംസ്കാരങ്ങളുടെ പട്ടിക പൂർത്തിയാക്കുന്നു. | പാഠപുസ്തകം ചിത്രങ്ങൾ ഭൂപടം ലോക ഭൂപടം ഐ.സി.റ്റി. വർക്ക് ഷീറ്റ് | മനുഷ്യപരിണാമത്തെകുറിച്ച് ധാരണ നേടുകയും മനുഷ്യ ഉൽപ്പത്തിയെകുറിച്ച് ശാസ്ത്രീയമായകാഴ്ചപ്പാടുകൾ രൂപീകരിക്കാൻ കുട്ടിയെ സഹായിക്കുന്നു. വെങ്കലയുഗ സംസ്കാരങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്താൻ കുട്ടിയെ സഹായിക്കുന്നു. | മനുഷ്യന്റെ ഉൽഭവത്തെകുറിച്ചുള്ള ശാസ്ത്രീയ മനോഭാവം രൂപപ്പെടുന്നു. ആദിമസംസ്കാരങ്ങൾ പഠിക്കുന്നതിലൂടെ നമ്മുടെ പൈതൃകം സംരക്ഷിക്കപ്പെടണമെന്ന മനോഭാവം രൂപപ്പെടുന്നു. | വർക്ക് ഷീറ്റ് ടെസ്റ്റ് പേപ്പർ ക്വിസ് |
| ജൂലൈ | ഗ്രീക്ക് നഗരരാഷ്ട്രങ്ങൾ ഏഥൻസ്, സ്പാർട്ട, ഗ്രീക്ക് തത്വചിന്തകർ/ പേർഷ്യൻ സാമ്രാജ്യം/ റോമൻ സാമ്രാജ്യം / രാഷ്ട്രരൂപീകരണം ഇന്ത്യയിൽ മഗധ മൗര്യ രാജ്യം/പ്രാചീന ഇന്ത്യയിലെ ദർശനങ്ങൾ | ഭൂപട നിരീക്ഷണം-ലോകഭൂപടത്തിൽ ഗ്രീക്ക് ഇറാൻ, ഇറ്റലി, ഇന്ത്യ എന്നീ രാജ്യങ്ങളുടെ സ്ഥാനം കണ്ടെത്തുന്നു. റോൾ പ്ലേ വർക്ക് ഷീറ്റ് പൂർത്തിയാക്കുന്നു ചർച്ച, കുറിപ്പ് തയാറാക്കൽ (മഗധ യുടെവളർച്ചയ്ക്ക് സഹായകരമായ ഘടകങ്ങൾ) ജൈന-ബുദ്ധമത ആശയങ്ങളുടെ പൊതുസവിശേഷതകൾ ചർച്ച ചെയ്ത് വിശകലനം കുറിപ്പ് തയ്യാറാക്കുന്നു. | ഐ.സി.റ്റി. ലോകരാഷ്ട്രങ്ങളുടെ മാപ്പ് ടെക്സ്റ്റ് ബുക്ക് വർക്ക് ഷീറ്റ് ചിത്രങ്ങൾ ജൈന-ബുദ്ധ മതങ്ങളുമായി ബന്ധപ്പെട്ട കഥകൾ | ഗ്രീസ്, പേർഷ്യ, റോം, ഇന്ത്യ എന്നിവിടങ്ങളിലെ ആദ്യകാലരാഷ്ട്രരൂപീകരണ ത്തിന്റെ വിവിധ ഘട്ടങ്ങൾ തിരിച്ചറിഞ്ഞ് വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുക. ആദ്യകാലരാഷ്ട്രങ്ങളിൽ നിലനിന്നിരുന്നദാർശനിക ചിന്തകൾ പരിചയപ്പെടുക താരതമ്യം ചെയ്ത് ധാരണകൾ രൂപീകരിക്കുക. | ഭരണത്തിൽ ജനപങ്കാളിത്തത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന് ജനാധിപത്യത്തോടും ജനാധിപത്യമൂല്യങ്ങളോടുമുള്ള ബഹുമാനം. ഇന്ത്യയുടെ സമ്പന്നമായ പൈതൃകത്തോടുള്ള ബഹുമാനം | വർക്ക് ഷീറ്റ് ടെസ്റ്റ് പേപ്പർ |

ക്ലാസ് – 7

| കാലയളവ് | ആശയങ്ങൾ / ധാരണകൾ | പഠന പ്രവർത്തനം | പഠന സാമഗ്രികൾ | പഠന നേട്ടങ്ങൾ | മൂല്യങ്ങൾ/ മനോഭാവം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ജൂൺ | മുഗൾ രാജവംശം രാഷ്ട്രനയങ്ങൾ സാമൂഹ്യഘടന, ഭൂവുടമ വ്യവസ്ഥിതി, സാമ്പത്തിക പ്രവർത്തനങ്ങൾ | അക്ബർ ചക്രവർത്തിയുടെ മതസഹിഷ്ണുത, സൈനീക സമ്പ്രദായം, ഭരണരീതി, സാമൂഹ്യസാമ്പത്തിക സ്ഥിതി, സാമ്പത്തിക പ്രവർത്തനങ്ങൾ തുടങ്ങിയവയെ കുറിച്ച് കുറിപ്പുകൾ, ആക്ടിവിറ്റി കാർഡ് എന്നിവ തയാറാക്കുന്നു. വർക്ക്ഷീറ്റ് പൂർത്തിയാക്കൽ വിവിധസ്രോതസ്സുകളിൽ നിന്ന് വിവരണങ്ങൾശേഖരിച്ച് മുഗൾഭരണാധികാരികളുടെ ആൽബം നിർമ്മിക്കുന്നു.<br><br>റിവേഴ്സ് ക്വിസ് സംഘടിപ്പിക്കുന്നു റോൾ പ്ലെ-സൈനീക സമ്പ്രദായം മുഗൾ രാജവംശം വ്യാപിച്ചിരുന്ന പ്രദേശങ്ങൾ ഭൂപടവായനയിലൂടെ പട്ടികപ്പെടുത്തുന്നു. | പാഠപുസ്തകം ചിത്രങ്ങൾ ഐ. സി. റ്റി. മറ്റുപുസ്തകങ്ങൾ ഭൂപടം വിവിധ കറൻസി നോട്ടുകൾ | മുഗൾരാജവംശത്തിന്റെ രാഷ്ട്രനയങ്ങൾ, സാമൂഹ്യഘടന, ഭൂഉടമ വ്യവസ്ഥയുടെ സ്വഭാവം, സാമ്പത്തിക പ്രവർത്തനങ്ങൾ മുതലായവ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്നതിന് കുട്ടിയെ സഹായിക്കുന്നു. | മതസഹിഷ്ണുത ബഹുസ്വരതയോടുള്ള ബഹുമാനം | |

| കാലയളവ് | ആശയങ്ങൾ / ധാരണകൾ | പഠന പ്രവർത്തനം | പഠന സാമഗ്രികൾ | പഠന നേട്ടങ്ങൾ | മൂല്യങ്ങൾ/ മനോഭാവം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | വിജയനഗരരാജവംശം<br>ഭരണസംവിധാനം<br>സാമൂഹികസാമ്പത്തിക പുരോഗതി | ഭരണസംവിധാനം, സാമൂഹിക സാമ്പത്തികപുരോഗതി എന്നിവയെകുറിച്ച് ചോദ്യോത്തരപ്പയറ്റ് സംഘടിപ്പിക്കുന്നു.<br>കുറിപ്പുകൾ തയാറാക്കുന്നു.<br>ആശയപടം തയാറാക്കുന്നു.<br>പട്ടിക പൂർത്തിയാക്കുന്നു. | ഭൂപടങ്ങൾ<br>ചിത്രങ്ങൾ<br>പട്ടികകൾ<br>ഐ. സി. റ്റി. | സാമൂഹിക സാമ്പത്തിക സാംസ്കാരിക പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>ഭരണസംവിധാനത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു. | മതസ്വാതന്ത്ര്യം<br>തുല്യതാ മനോഭാവം<br>സാംസ്കാരിക കല-സാഹിത്യം അത് സമൂഹത്തിന് വികസനത്തിന് സഹായിക്കുന്നു എന്ന മനോഭാവം | |
| | മുഗൾ-വിജയനഗര രാജവംശങ്ങളിലെ മതസഹിഷ്ണത,<br>രാഷ്ട്ര സ്വഭാവം<br>സാംസ്കാരികസമന്വയം | ചിത്രങ്ങൾ<br>പട്ടികകൾ<br>നിഗമനകുറിപ്പുകൾ<br>സെമിനാർ പേപ്പർ<br>ആൽബം | ചിത്രങ്ങൾ<br>ഐ. സി. റ്റി.<br>പാഠപുസ്തകം | മുഗൾ-വിജയനഗര രാജവംശങ്ങൾ തമ്മിലുള്ള താരതമ്യപഠനം സാധ്യമാകുന്നു. | മതസഹിഷ്ണത ബഹുസ്വരതയോടുള്ള ബഹുമാനം വിവിധ സാംസ്കാരിക ധാരണകളുടെ സമന്വയമാണ് ഇന്ത്യൻ സംസ്കാരം എന്ന ബോധംഉൾകൊണ്ട് പ്രവർത്തിക്കുവാനുള്ള മനോഭാവം കുട്ടികളിൽ രൂപം കൊള്ളുന്നു. | |
| | ഭക്തിപ്രസ്ഥാനം<br>ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം<br>ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകർ<br>ബസവണ്ണ<br>കബീർ<br>ഗുരുനാനാക്ക്<br>മീരാബായി<br>ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ<br>സൂഫിപ്രസ്ഥാനം | കവിതവായിച്ച് ആശയം കണ്ടെത്തൽ<br>ടാസ്ക് കാർഡ് പൂർത്തിയാക്കൽ<br>കുറിപ്പ് തയ്യാറാക്കൽ<br>സംഭാഷണം തയാറാക്കൽ<br>റോൾപ്ലെ<br>ചർച്ച<br>സ്കിറ്റ് അവതരണം<br>പോസ്റ്റർ രചന<br>ചോദ്യ നിർമ്മാണം<br>ക്വിസ്<br>ആശയപടം പൂർത്തിയാക്കൽ | പാഠപുസ്തകം<br>റഫറൻസ്<br>ഐ. സി. റ്റി.<br>അധ്യാപക സഹായി<br>ചിത്രങ്ങൾ<br>ഐ. സി. റ്റി.<br>റഫറൻസ് പുസ്തകങ്ങൾ<br>എ. ഐ. വീഡിയോകൾ | ഭക്തിപ്രസ്ഥാനത്തെകുറിച്ചുള്ള തിരിച്ചറിവ് ലഭിക്കുന്നു. | സമത്വം<br>മതനിരപേക്ഷത<br>മതസൗഹാർദ്ദം<br>സാംസ്കാരിക ഐക്യം<br>യുക്തിപരമായ വ്യത്യാസം<br>സാഹിത്യത്തിൽ ഏകത്വം<br>ബഹുസ്വരത<br>മനുഷ്യന്റെ അന്തസ്സിനോടും ബഹുമാനം | |

| കാലയളവ് | ആശയങ്ങൾ / ധാരണകൾ | പഠന പ്രവർത്തനം | പഠന സാമഗ്രികൾ | പഠന നേട്ടങ്ങൾ | മൂല്യങ്ങൾ/ മനോഭാവം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | ഇന്ത്യൻ ഭരണഘടന<br>മതേതരത്വം<br>സ്വാതന്ത്ര്യം<br>സമത്വം<br>സാഹോദര്യം<br>1935 - ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട്<br>ഭരണഘടന - ആവശ്യകത<br>നിർമ്മാണസഭ<br>സവിശേഷതകൾ<br>ഭരണഘടനാഭേദഗതികൾ | പട്ടിക പൂർത്തിയാക്കൽ, കുറിപ്പ് തയാറാക്കൽ<br>പദസൂര്യൻ പൂർത്തിയാക്കൽ<br>സെമിനാർ തയാറാക്കൽ, ചർച്ച<br>ചെക് ലിസ്റ്റ് പൂർത്തിയാക്കൽ<br>ലഘുലേഖ നിർമ്മാണം<br>ചർച്ച | പാഠപുസ്തകം<br>ചിത്രങ്ങൾ<br>ഐ. സി. റ്റി.<br>ചാർട്ട്<br>റഫറൻസ് ഗ്രന്ഥങ്ങൾ<br>വീഡിയോ | ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തിൽ ദേശീയപ്രസ്ഥാനം,1935 - ലെ ഗവൺമെന്റ് ഓഫ് ഇന്ത്യആക്ട് എന്നിവരുടെ സ്വാധീനം തിരിച്ചറിയുന്നതിനും സവിശേഷതകൾ മനസ്സിലാക്കുന്നതിനും ഭരണഘടനാഭേദഗതികളെ കുറിച്ച് കുട്ടികൾ അറിയുന്നതിനും മനസ്സിലാക്കുന്നു. | ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കേണ്ടതാണെന്ന മനോഭാവം കുട്ടികളിൽ ഉളവാക്കുന്നു | |
| | അരികുവൽകരണം<br>കാരണങ്ങൾ<br>അരികുവൽക്കരണത്തിനെതിരെ നടന്നിട്ടുള്ള പോരാട്ടങ്ങൾ<br>നവോത്ഥാനനായകർ<br>സാമൂഹ്യമാറ്റങ്ങൾ<br>സാമൂഹിക ഉൾച്ചേർക്കൽ<br>അരികുവൽക്കരണതടയൽ ഇന്ത്യൻ ഭരണഘടന അനുച്ഛേദം 14, 15<br>നിയമങ്ങളും ചട്ടങ്ങളും | അനുഭവക്കുറിപ്പുകൾ<br>ചിത്രങ്ങൾ<br>വീഡിയോകൾ<br>ചുമർപത്രിക തയാറാക്കുക<br>കുറിപ്പ് തയ്യാറാക്കുക<br>ഓഡിയോ<br>ക്വിസ് മത്സരം<br>റിവേഴ്സ് ക്വിസ് | പാഠപുസ്തകം<br>അനുഭവക്കുറിപ്പുകൾ<br>ഐ. സി. റ്റി.<br>അനുഭവവിവരണങ്ങൾ<br>പത്രവാർത്തകൾ<br>ചിത്രങ്ങൾ<br>ഇന്ത്യൻ ഭരണഘടന അനുച്ഛേദം 14, 15<br>ഐ. സി. റ്റി. | അരികുവൽക്കരണത്തിന്റെ കാരണങ്ങൾ തിരിച്ചറിയുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങളോട് അനുഭാവപൂർണ്ണമായ നിലപാട് സ്വീകരിക്കുന്നതിനുംസാമൂഹ്യഉൾച്ചേർക്കലിന് അനുയോജ്യമായസവിശേഷ പ്രവർത്തനങ്ങളിൽഏർപ്പെടുന്നതിനുംഅവസാമൂ ഹ്യപുരോഗതിയ്ക്കായി ഉപയോഗപ്പെടുത്തുന്നതിനും | അരികുവൽക്കരിക്കപ്പെടുന്ന വിഭാങ്ങളുടെ പ്രശ്നങ്ങളോട് അനുതാപ പൂർണ്ണമായ നിലപാട് സ്വീകരിക്കുവാനുള്ള മനോഭാവം കുട്ടികളിൽ ഉളവാകുന്നു. | |
| | ഭൂമിയുടെ ഉള്ളറ, ഭൂവൽക്കം, മാന്റിൽ കാമ്പ്, പുറകാമ്പ്, അകക്കാമ്പ് സവിശേഷതകൾ<br>അന്തരീക്ഷമലിനീകരണം - ലഘുകരണപ്രവർത്തനങ്ങൾ<br>അന്തരീക്ഷപാളികൾ - സവിശേഷതകൾ | നിഗമനക്കുറിപ്പുകൾ തയ്യാറാക്കുന്നു, പട്ടികപ്പെടുത്തൽ<br>ഭൂമിയുടെ ഘടന തിരിച്ചറിഞ്ഞ് ചിത്രീകരിക്കുന്നു.<br>ഉള്ളറയുടെ മാതൃക നിർമ്മിക്കുന്നു.<br>വായനാകാർഡുകൾ തയാറാക്കുന്നു<br>വീഡിയോ പ്രദർശനം | പാഠപുസ്തകം<br>ചിത്രങ്ങൾ<br>വീഡിയോ<br>ഭൂമിയുടെ ഉള്ളറയുടെ മാതൃക<br>വായനാ സാമഗ്രികൾ<br>ഐ. സി. റ്റി. | ഭൂമിയുടെ ഉള്ളറ,ഘടന എന്നിവയെക്കുറിച്ച് ധാരണകൾ രൂപപ്പെടുത്തുന്നതിനും അന്തരീക്ഷമലിനീകരണം ലഘൂകരണം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും അന്തരീക്ഷപാളികളെ കുറിച്ചുള്ള ധാരണകൾ രൂപപ്പെടുന്നു. | ഭൂമി എന്നെ ജീവഗ്രഹത്തെ സംരക്ഷിക്കുവാനുള്ള മനോഭാവം , അന്തരീക്ഷമലിനീകരണലഘൂകരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും മനോഭാവം കുട്ടികളിൽ രൂപപ്പെടുവാൻ സഹായിക്കുന്നു. | |

# ആരോഗ്യ-കായിക വിദ്യാഭ്യാസം

| Terms | മാസം | യൂണിറ്റ് | പാഠഭാഗങ്ങൾ |
|---|---|---|---|
| First Term | ജൂൺ | യൂണിറ്റ് ഒന്ന്<br>എന്റെ ശരീരം | കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ശരീരത്തിനുണ്ടാകുന്ന അവസ്ഥാന്തരങ്ങൾ |
| | ജൂലൈ | യൂണിറ്റ് ഒന്ന്<br>'എന്റെ ശരീരം' (തുടർച്ച) | * ഹൃദയമിടിപ്പ്<br>* പൾസ്<br>* ശരീരോഷ്മാവ്<br>* വിയർപ്പ്<br>* തളർച്ച<br>* കിതപ്പ് |
| | | തെരഞ്ഞെടുത്ത<br>ഒന്നാമത്തെ ഗെയിമിന്റെ പഠനം | തെരഞ്ഞെടുത്ത ഒന്നാമത്തെ ഗെയിമിന്റെ അടിസ്ഥാന നൈപുണികൾ ആർജിക്കുന്നതിനും വികസിപ്പിക്കുന്നതിനും (ഓപ്ഷണൽ) |
| | ആഗസ്റ്റ് | തെരഞ്ഞെടുത്ത<br>ഒന്നാമത്തെ ഗെയിമിന്റെ<br>പഠനം (തുടർച്ച) | തെഞ്ഞെടുത്ത ഒന്നാമത്തെ ഗെയിമിന്റെ അടിസ്ഥാന നൈപുണികൾ ആർജിക്കുന്നതിനും വികസിപ്പിക്കുന്നതിനും (ഓപ്ഷണൽ) |
| | | യൂണിറ്റ് 2<br>എന്റെ ചലനം | വേഗത്തിൽ ചലിക്കുന്നതിനും ദിശ മാറുന്നതിനുമുള്ള കഴിവ് നേടുന്നതിന്<br>* ചുറുചുറുക്ക് ()<br>* ജിംനാസ്റ്റിക്സിലെ അടിസ്ഥാന നൈപുണികൾ<br>* വാമിംഗ് അപ്- കൂളിങ്ങ് ഡൗൺ എക്സർസൈസുകളുടെ പ്രാധാന്യം |
| | സെപ്തംബർ | യൂണിറ്റ് 2<br>എന്റെ ചലനം (തുടർച്ച) | വിവിധതരം കായിക ഉപകരണങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള പഠനം |

| Terms | മാസം | യൂണിറ്റ് | പാഠഭാഗങ്ങൾ |
|---|---|---|---|
| Sceond Term | ഒക്ടോബർ | യൂണിറ്റ് 2<br>എന്റെ ചലനം (തുടർച്ച) | കിഡ് സ് അത്‌ലറ്റിക്സ് |
| | | തെരഞ്ഞെടുത്ത രണ്ടാമത്തെ ഗെയിമിന്റെ പഠനം (ഓപ്ഷണൽ ) | തെരഞ്ഞെടുത്ത രണ്ടാമത്തെ ഗെയിമിന്റെ അടിസ്ഥാന നൈപുണികൾ ആർജിക്കുന്നതിനും വികസിപ്പിക്കുന്നതിനും (ഓപ്ഷണൽ) |
| | നവംബർ | തെരഞ്ഞെടുത്ത രണ്ടാമത്തെ ഗെയിമിന്റെ പഠനം (ഓപ്ഷണൽ )<br>(തുടർച്ച) | തെരഞ്ഞെടുത്ത രണ്ടാമത്തെ ഗെയിമിന്റെ അടിസ്ഥാന നൈപുണികൾ ആർജിക്കുന്നതിനും വികസിപ്പിക്കുന്നതിനും (ഓപ്ഷണൽ) |
| | | യൂണിറ്റ് 3<br>സുരക്ഷയും സുരക്ഷിതത്വവും | ദൈനംദിന ജീവിതത്തിലും കായിക പ്രവർത്തനങ്ങളിൽഏർപ്പെടുമ്പോഴും സംഭവിക്കാവുന്ന അത്യാഹിതങ്ങളെക്കുറിച്ച് മനസ്സിലാക്കുക. |
| | ഡിസംബർ | യൂണിറ്റ് 3<br>സുരക്ഷയും സുരക്ഷിതത്വവും<br>(തുടർച്ച) | സുരക്ഷിതമായ കളിസ്ഥലങ്ങൾ<br>സുരക്ഷിതമായ കാൽനടയാത്ര<br>റേസ് വാക്കിങ് |
| Third Term | ജനുവരി | ആരോഗ്യ – കായികക്ഷമതാ പരിശോധന | ആരോഗ്യകായികക്ഷമതാപരിശോധന നടത്തി ഗ്രേഡിങ്ങ് നിർണയിക്കുന്നു. |
| | ഫെബ്രുവരി | ആരോഗ്യ – കായികക്ഷമതാ പരിശോധന (തുടർച്ച) | ആരോഗ്യകായികക്ഷമതാപരിശോധന നടത്തി ഗ്രേഡിങ്ങ് നിർണയിക്കുന്നു. |
| | ടെ | യൂണിറ്റ് 4<br>സാമൂഹ്യ ആരോഗ്യം | ദൈനംദിന ജീവിതത്തിലും സാമൂഹിക ചുറ്റുപാടിലും ആത്മവിശ്വാസത്തോയുള്ള വിവിധ പ്രവർത്തനങ്ങൾ |
| | | യൂണിറ്റ് 4<br>പരിസ്ഥിതിയും സ്പോർട്സും | കായികമേഖലയിലെ ഭൗതികവും സാമൂഹികവുമായ പരിസ്ഥിതി |
| | മാർച്ച് | യൂണിറ്റ് 4<br>പരിസ്ഥിതിയും സ്പോർട്സും<br>(തുടർച്ച) | നമുക്കു ചുറ്റുമുള്ള കളി സ്ഥലങ്ങൾ |

# ആരോഗ്യ-കായിക വിദ്യാഭ്യാസം

| ടേംസ് | മാസം | യൂണിറ്റ് | പാഠഭാഗങ്ങൾ |
|---|---|---|---|
| First Term | ജൂൺ | യൂണിറ്റ് ഒന്ന്<br>എന്റെ ശരീരം | വളർച്ച-വികാസഘട്ടങ്ങളിലെ മാറ്റങ്ങൾ<br>ശരീരസംസ്ഥിതി<br>ശരീരസംസ്ഥിതിവൈകല്യങ്ങളും<br>പരിഹാരമാർഗങ്ങളും |
| | ജൂലൈ<br>ആഗസ്റ്റ് | തെരഞ്ഞെടുത്ത ഒന്നാമത്തെ<br>ഗെയിമിന്റെ പഠനം | തെരഞ്ഞെടുത്ത ഒന്നാമത്തെ ഗെയിമിന്റെ<br>അടിസ്ഥാന നൈപുണികൾ.<br>ആർജിതക്കുന്നതിനും വികസിപ്പിക്കുന്നതിനും |
| Second Term | സെപ്തംബർ<br>ഒക്ടോബർ | യൂണിറ്റ് രണ്ട്<br>എന്റെ ചലനങ്ങൾ | കായികക്ഷമത<br>യോഗ<br>കിഡ്സ് അത്‌ലറ്റിക്സ്<br>കായികക്ഷമതാപരിശോധന |
| | നവംബർ | യൂണിറ്റ് മൂന്ന്<br>സുരക്ഷയും സുരക്ഷിതത്വവും | കായികപ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ<br>ഉപയോഗിക്കുന്ന സുരക്ഷാ ഉപകരണങ്ങൾ.<br>സുരക്ഷിതമായ സൈക്കിൾ സവാരി. |
| | ഡിസംബർ | | നോസ്ബ്ലീഡിംഗ്, തലചുറ്റൽ എന്നീ<br>അപകടങ്ങൾക്കു നൽകുന്ന പ്രഥമശുശ്രൂഷ. |
| Third Term | ജനുവരി | യൂണിറ്റ് നാല്<br>സാമൂഹികാരോഗ്യം | സാമൂഹികാരോഗ്യം കളികളിലൂടെ.<br>സാമൂഹിക പ്രതിബദ്ധത. |
| | ഫെബ്രുവരി<br>മാർച്ച് | യൂണിറ്റ് അഞ്ച്<br>പരിസ്ഥിതിയും സ്പോർട്സും | സമൂഹങ്ങൾ തമ്മിലുള്ള ബന്ധം.<br>കര, ജലം, വായു, മഞ്ഞ് തുടങ്ങിയ<br>മേഖലകളിൽ നടക്കുന്ന<br>കായിക വിനോദങ്ങൾ |

# ആരോഗ്യ-കായിക വിദ്യാഭ്യാസം

| Terms | മാസം | യൂണിറ്റ് | പാഠഭാഗങ്ങൾ |
|---|---|---|---|
| First Term | ജൂൺ | യൂണിറ്റ് ഒന്ന്<br>എന്റെ ശരീരം | വ്യായാമവും ശാരീരിക മാനസിക വളർച്ചയും |
| | ജൂലൈ | യൂണിറ്റ് ഒന്ന്<br>എന്റെ ശരീരം (തുടർച്ച)<br>തെരഞ്ഞെടുത്ത ഒന്നാമത്തെ ഗെയിമിന്റെ പഠനം | ശാരീരിക പ്രകൃതിയുടെ അടിസ്ഥാനത്തിൽ വ്യക്തികളെ തരംതിരിക്കൽ<br>എക്ട്രോമോർഫ്<br>എൻസോമോർഫ്<br>മീസോമോർഫ് |
| | ആഗസ്റ്റ് | തെരഞ്ഞെടുത്ത ഒന്നാമത്തെ ഗെയിമിന്റെ പഠനം (തുടർച്ച) | തെരഞ്ഞെടുത്ത കളിയുടെ അടിസ്ഥാന നൈപുണികൾ ആർജിക്കുന്നതിനും വികസിപ്പിക്കുന്നതിനും (ഓപ്ഷണൽ) |
| | | യൂണിറ്റ് രണ്ട്<br>എന്റെ ചലനങ്ങൾ (തുടർച്ച) | ആരോഗ്യസംബന്ധമായ കായികക്ഷമതാ ഘടകങ്ങൾ<br>മസ്കുലാർ സ്ട്രോങ്ങ്ത്<br>മസ്കുലാർ എൻഡ്യൂറൻസ്<br>കാർഡിയോ റെസ്പിറ്റേറ്ററി എൻഡ്യുറൻസ്<br>ഫ്ളക്സിബിലിറ്റി<br>ബോഡി കോമ്പോസിഷൻ |
| Sceond Term | സെപ്തംബർ | യൂണിറ്റ് രണ്ട്<br>എന്റെ ചലനങ്ങൾ (തുടർച്ച) | താളാത്മക പ്രവർത്തനങ്ങൾ സംയോജിത ചലനങ്ങളുടെ ജിംനാസ്റ്റിക് ചലനങ്ങൾ |
| | ഒക്ടോബർ | യൂണിറ്റ് രണ്ട്<br>എന്റെ ചലനങ്ങൾ (തുടർച്ച) | മെയ് വഴക്കം, ബാലൻസിങ്, യോഗയിലെ വിവിധ ആസനങ്ങളുടെ പഠനം പത്മാസനം, മത്സ്യാസനം, ത്രികോണാസനം |
| | നവംബർ | തെരഞ്ഞെടുത്ത രണ്ടാമത്തെ ഗെയിമിന്റെ പഠനം (തുടർച്ച) | തെരഞ്ഞെടുത്ത രണ്ടാമത്തെ കളികളുടെ നൈപുണികൾ ആർജിക്കുന്നതിനും വികസിപ്പിക്കുന്നതിനും (ഓപ്ഷണൽ) |
| | | യൂണിറ്റ് 3<br>സുരക്ഷയും സുരക്ഷിതത്വവും | നീന്തലിന്റെ ഗുണങ്ങൾ – ആവശ്യകത – വെള്ളത്തിലിറങ്ങുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ |
| | ഡിസംബർ | യൂണിറ്റ് 3<br>സുരക്ഷയും സുരക്ഷിതത്വവും (തുടർച്ച) | രക്ഷാപ്രവർത്തനവും പ്രഥമശുശ്രൂഷയും |

| Terms | മാസം | യൂണിറ്റ് | പാഠഭാഗങ്ങൾ |
|---|---|---|---|
| Third Term | ജനുവരി | ആരോഗ്യ – കായികക്ഷമതാ പരിശോധന | ആരോഗ്യ – കായികക്ഷമതാ പരിശോധന നടത്തി ഗ്രേഡിങ്ങ് നടത്തി ഗ്രേഡിങ്ങ് നിർണയിക്കുന്നു |
| | ഫെബ്രുവരി | ആരോഗ്യ – കായികക്ഷമതാ പരിശോധന (തുടർച്ച) | " |
| | | യൂണിറ്റ് 4<br>സാമൂഹ്യ ആരോഗ്യം<br>യൂണിറ്റ് 5<br>പരിസ്ഥിതിയും സ്പോർട്സും | വിശ്രമവേളകളും കായികപ്രവർത്തനങ്ങളും<br>വിശ്രമവേളകളുടെ ആവശ്യകത കണ്ടെത്തൽ<br>കളികളിലൂടെ മാനസികോല്ലാസം, ശാരീരികക്ഷമത<br>മാധ്യമങ്ങളും, കായികക്ഷമതയും |
| | മാർച്ച് | യൂണിറ്റ് 5<br>പരിസ്ഥിതിയും സ്പോർട്സും (തുടർച്ച) | കായികമേഖലയിലെ വിവിധ സ്ഥാപനങ്ങൾ കായികമത്സരങ്ങൾക്കുപയോഗിക്കുന്ന വിവിധ പ്രതലങ്ങൾ |